The question that Section 204 stand part of the Bill was put and carried and the Section was added to the Bill.

SECTIONS 205, 205 A AND 205 B.

PRESIDENT: There are no more amendments. I put it that Sections 205, 205A and 205B stand part of the Bill.

The question was put and carried and Sections 205, 205A and 205B were added to the Bill.

Preamble.

PRESIDENT: I now put it that the preamble do stand part of the Bill.

The question was put and carried and the preamble was added to the Bill.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, I beg to move that the Bill, as now settled by the Council, be taken up at a subsequent meeting and passed.

MR. R. NILAKANTA PILLAI (*Financial Secretary to Government*): I second it.

PRESIDENT: I take it that the House accepts the motion.

The motion was carried.

AUG 3

THE JENMI AND KUDIYAN REGULATION AMENDMENT BILL—(*contd.*)

Clause XX]

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, the House has passed XIX clauses and we were at clause XX when the House rose last day. My amendment with regard to clause XX is that the two other clauses may be substituted, namely clauses XX and XX A. The substituted clause XX proposes to incorporate certain Sections in the Regulation for the purpose of enabling the Government to collect the jenmikaram for payment over to the jenmies. The House will remember that the obligation on the part of the Government to take over the collection of jenmikaram and pay to the jenmies was undertaken as a result of the agreement between jenmies and non-jenmies and as a result of their joint recommendation that the Government should undertake this collection. Government, therefore, have undertaken the obligation and I have accordingly drafted the necessary Sections for that purpose and I propose to introduce it by the proposed clause XX. Sir, by the Sections 40 A to 40 L I propose to introduce the requisite procedure for the purpose of settling jenmikarams before their collection is taken over by Government, because, before the jenmikaram is settled, Government cannot take over the collection of jenmikaram.

I shall now briefly explain the scheme of these Sections. Section 40 A is merely a statement of the principle. Sections 40 B to 40 D provide for the settlement of jenmikarams and the preparation of a Jenmikaram Register.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Parameswaran Pillai.]

When the Register of Jenmikaram is finished, Section 40E provides a notification shall be published in the Gazette that jenmikaram settlement is over and that the collection of jenmikaram has been taken over by Government.

Section 40 F lays down that upon the publication of the notification, the jenmikaram shall be paid to Government and in default of such payment it would be recovered under the Revenue Recovery Regulation. There are also subsidiary provisions stating that jenmikaram shall be paid in money only and that jenmikaram should be paid to the jenmi after deducting the cost of collection.

Certain provisions are also made for the entry of particulars about alteration of jenmikaram, such as that subsequent changes in ownership etc. should be recorded. These provisions were drafted in their final form as a result of the understanding arrived at in an informal conference between the jenmies and the non-jenmies during the last session of the Council. These Sections have therefore got the full approval of the informal conference.

I understand now that the jenmies have given notice of certain amendments, the purpose of which is that the Government should take over the collection of jenmikaram only in respect of all lands in the State together and at the same time. They will no doubt move them one by one. Before that, I may mention one fact. Some apprehension has been felt by jenmies that all those provisions regulating the collection of jenmikaram by Government may not entirely be acted on by Government. They are under the impression that no obligation is laid on Government to take over collection, that there is no Section which would compel Government to take over the collection of jenmikaram. I honestly think that there is no reason for such apprehension. If such an apprehension is felt by the jenmi members and if it is necessary that some suitable amendments should be provided, I am prepared to accept them and add them to the Explanation to Section 40 A, say, something to the following effect:

"but the assumption shall be made in respect of all jenmom lands in the State."

However, that need be considered only after hearing the views of the jenmi members on my amendments. My amendments after Section 40 run from Sections 40 A to 40 L which form part of Clause XX.

I now make the formal motion.

MR. R. NILAKANTA PILLAI (*Financial Secretary to Government*): I second it.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ജന്മിക്കരം നൊയ്ഗവണ്മെൻറേറ്റെടുക്കണമെന്നാണ് അഭിപ്രായമെങ്കിൽ മി: ഭട്ടതിരിയ്ക്ക് ഇപ്പോൾ മൂവുചെയ്യാനുള്ള അമൻറുമെൻറ കൊണ്ടുവരാമുണ്ടാക്കുകയില്ല. അതുകൊണ്ടു മി. ഇട്ടൻനമ്പൂതിരിപ്പാടിൻറെ അമൻറുമെൻറാണ് മൂവു ചെയ്യേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. C. P. BHATTATHIRI (*Co-opted*): "with respect to the whole State" എന്നുള്ള ഭേദഗതി അവതരിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതു കൊണ്ടു ഉദ്ദേശിക്കുന്നതുകായ്യം സാധിക്കുന്നതല്ല.

സെക്ഷൻ 80 എ-യെപ്പറ്റിയാണു് ജന്മിമെമ്പറന്മാർ കൊണ്ടുവന്നിട്ടുള്ള അമൻറുമെൻറു് എന്നാൽ സംസ്ഥാനംമുട്ടുക്കു് ഒന്നിച്ചെടുക്കണമെന്നു നിർദ്ദേശിക്കുന്ന അമൻറുമെൻറാണു് ജന്മിമെമ്പറന്മാർ പാസാക്കണമെന്നുദ്ദേശിക്കുന്നതെങ്കിൽ മി. സി. പി. ഭട്ടതിരിയുടെ അമൻറുമെൻറുകൊണ്ടു സാധിക്കുകയില്ല. മി. തുപ്പൻനമ്പൂതിരിയുടെ ഭേദഗതി വേണം അവതരിപ്പിക്കാൻ.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ക്ലാസ് 80. എ വകുപ്പിനുള്ള ഭേദഗതി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ലാമെമ്പറുടെ ഭേദഗതിയിൽ ഇപ്രകാരമാണു് കാണുന്നതു്. അതായതു മുൻവകുപ്പിലെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനു ഗവണ്മെൻറു് ജന്മിക്കരം നിശ്ചയിച്ചതിനുശേഷം, കഴിയുന്നതുവേഗത്തിൽ ഓരോജന്മഭൂമിയെ സംബന്ധിച്ചും ഒന്നിച്ചോ ഏതെങ്കിലുംപ്രദേശത്തോ, അല്ലെങ്കിൽ നമ്മുടെഗവണ്മെൻറു് നിശ്ചയിക്കുന്നതായ സ്ഥലങ്ങളിലൊ ഗവണ്മെൻറു് പിരിവുഭാരം ഏറെറടുക്കാമെന്നാണു്. ഒരു താലൂക്കിലോ അല്ലെങ്കിൽ ഒരു പകുതിയിലോ അല്ലെങ്കിൽ ആ പകുതിയിലെ ഏതെങ്കിലും ഒരു ഭാഗത്തോ ഒരു സെറിൽമെൻറു നടന്നുകഴിഞ്ഞാൽ നടന്നുകഴിഞ്ഞിടത്തോളം ഭാഗത്തെപിരിവു ഗവണ്മെൻറിനു് ഏറെറടുക്കാം. ഇതു ഗവണ്മെൻറിൻെറ സൗകര്യമായ നിലയിലുള്ള ഒരു പിരിവുഭാരം ഏൽക്കലാണെന്നാണു് ഈ ഭേദഗതിയിൽ കാണുന്നതു്. ഈ ഭേദഗതി തരക്കേടില്ല; അതു ജന്മി ഭാഗത്തേക്കു വലിയ ദുഷ്യമുണ്ടെന്നു ഞാൻവിചാരിക്കുന്നില്ല. എന്നാൽജന്മിമാക്കു് അതിനെപ്പറ്റിയുള്ള ഭയം ഇതാണു്. ഒരു താലൂക്കിൽ ഒരു സെറിൽമെൻറു നടന്നു. അവിടത്തെ പിരിവുംതുടങ്ങി. അതുകഴിഞ്ഞാൽ പിന്നീടു് ഒരു ആറുകൊല്ലത്തേക്കു് അല്ലെങ്കിൽ ഒരു രണ്ടുകൊല്ലത്തേക്കു് ഒന്നും ചെയ്യാതെ അവിടെത്തന്നെ ഇട്ടിരുന്നുഎന്നുവരാം. അങ്ങനെവരുമോ എന്നു കഴിഞ്ഞ സെറിൽമെൻറു തന്നെ തെളിയിക്കുന്നുണ്ടു്. ഇ ഠ കൊല്ലത്തോളം കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറു നടന്നുകൊണ്ടിരുന്നതായി നമുക്കനുഭവമുണ്ടു്. അതുപോലെ ജന്മിമാരുടെ ഭൂമികളിലും സെറിൽമെൻറു നടത്തുകയാണെങ്കിൽ ജന്മിമാർ ബുദ്ധിമുട്ടിപ്പോകും. അതുകൊണ്ടാണു സെറിൽമെൻറു നടത്തിക്കഴിഞ്ഞിട്ടു രാജ്യമൊട്ടാകെയുള്ള ജന്മിക്കരം

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

ന്നിച്ച ഗവണ്മെൻറ് എടുത്താൽ മതിയെന്നുപറയുന്നത്. രാജ്യമൊട്ടാകെ സെറ്റിൽമെൻറു നടത്തിക്കഴിഞ്ഞതിനു ശേഷം മാത്രമെ ഗവണ്മെൻറു പിരിവു് ഏറെറടുക്കുകയുള്ളു എന്നുവരുന്നപക്ഷം, ഈ ന്യൂനതശരിയാകുമോ എന്ന് ചോദിച്ചേക്കാം. സാധാരണ ഒരു താലൂക്കിലോ അല്ലെങ്കിൽ രണ്ടോ മൂന്നോ താലൂക്കിലോ മാത്രം സെറ്റിൽമെൻറു നടത്തിക്കഴിഞ്ഞു എന്നുവച്ചു് അപ്പോഠം ആക്ഷേപം സമാധാനമായിരിക്കുവാൻ നിവൃത്തിയില്ല. രാജ്യമൊട്ടാകെ സെറ്റിൽമെൻറു നടത്തിയതിനു ശേഷമേ ഈ രാജ്യത്തുള്ള ജന്മിമാക്കും കുടിയാനവന്മാക്കും ഈ വകുപ്പുകൊണ്ടുള്ള സുഖമോ ദുഃഖമോ അനുഭവിക്കുവാനിടവരുകയുള്ളു.

MR. E. V. KRISHNA PILLAI (*Kottrakara* cum *Kunnattur*): അപ്പോൾ ഒരു ജന്മിവിചാരിച്ചാൽ ഈ രാജ്യമൊട്ടുക്കു് ഈ റവന്യൂലേഷൻറെ ഗുണമില്ലാതാക്കുവാൻ കഴിയുമല്ലോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇല്ലല്ലോ.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): അതേഹത്തിൻറെ ആധാരങ്ങളും കരംലിസ്റ്റ് തയ്യാറാക്കുവാനുള്ള റിക്കാർഡുകളും ഹാജരാക്കുന്നതിനു കുറച്ചു അമാന്തം വരുത്തിയാൽപോരെയോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഒരവധിനിശ്ചയിച്ചു അതിനകത്തു റിക്കാർഡുകൾ ഹാജരാക്കണമെന്നുവെച്ചാൽ നിശ്ചയമായും ആ അവധിയ്ക്കുള്ളിൽ റിക്കാർഡുകൾ ഹാജരാക്കുമെന്നു തന്നെയാണു വിശ്വസിക്കേണ്ടതു്. ഞാൻ ഈ ഭേദഗതിയിൽ പ്രാധാന്യം കൊടുക്കുന്നതു് ഈ സെറ്റിൽമെൻറു നടത്തുന്നതിനു കാലതാമസമൊന്നും നേരിടരുതെന്നുള്ളവിചാരംകൊണ്ടാണു്. സെറ്റിൽമെൻറു കുറെക്കഴിഞ്ഞു് ഇനികുറെ പണംകൂടിഎടുത്തുകൊള്ളാമെന്നു ഗവണ്മെൻറു, മറ്റു ചില സന്ദർഭങ്ങളിൽ കാണിക്കുന്ന ഉപേക്ഷബുദ്ധിപോലെ, ഈ കാര്യത്തിൽ കാണിക്കാതിരിക്കണമെങ്കിൽ സെറ്റിൽമെൻറുമുഴുവൻ കഴിഞ്ഞിട്ടേ പിരിവുഭാരം ഏറെറടുക്കാവൂ എന്ന വ്യവസ്ഥതന്നെ വേണം.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): എത്രനാളുകൊണ്ടു സെറ്റിൽമെൻറു തീർക്കണം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കൂടുതലായാൽ ഒരു കൊല്ലം കൊണ്ടുതീർക്കണം. എന്നാൽ ഏതെങ്കിലും തരത്തിൽ ഇത്രമാസം കൊണ്ടോ അല്ലെങ്കിൽ ഇത്രകൊല്ലത്തിനകമോ ഗവണ്മെൻറു ഈ ജോലിചെയ്തു തീർക്കുന്നതാണെന്നൊരു പ്രഖ്യാപനം ചെയ്യുകയാണെങ്കിൽ ഈ ഒരു ഭേദഗതിയുടെ ആവശ്യമില്ല. ചിലസെലകറു കമ്മിറ്റിക്കും

LIBRARY ARCHIVES Kerala Legislative Assembly

മറും ഗവണ്മെൻറ് ആറുമാസത്തിനുള്ളിൽ റിപ്പോർട്ടയക്കണമെന്ന് ഒരവധിവയ്ക്കാറുണ്ട്. അതിനകത്തു് അതു തീർന്നില്ലെങ്കിൽ മൂന്നു മാസം കൂടി കൂടുതൽ വേണമെന്നാവശ്യപ്പെട്ടാൽ അന്നു ഗവണ്മെൻറിനു ചെറിയ ഒരവധികൂടി നീട്ടിക്കൊടുക്കുന്നപതിവുണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഇതു് അവസാനമായ ഒരു തീരുമാനമായതുകൊണ്ടു സെറിൽമെൻറുജോലിവളരെ ധൃതിയായിട്ടു ചെയ്യുകയാണെങ്കിൽ കുഴപ്പം വരുകയില്ലേ? ജന്മികളുടേയും കുടിയാനവന്മാരുടേയും സങ്കടങ്ങൾ മുഴുവൻകേട്ടു തീരുമാനിക്കേണ്ടതല്ലേ ഇതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ധൃതിയിൽ നടത്തണമെന്നുപറഞ്ഞതുകൊണ്ടു് അതിനെ സംബന്ധിച്ചുള്ള വാദങ്ങൾ കേൾക്കാതെ നടത്തണമെന്ന അർത്ഥമില്ല. ഇതിലേക്കുനിയമിക്കപ്പെട്ടന്നയാൾ ജോലിശരിയായി തുടർന്നു നിർവ്വഹിച്ചുകൊണ്ടിരിക്കണമെന്നേ അർത്ഥമുള്ളൂ. അങ്ങനെ ചെയ്താൽ തീർച്ചയായും ഒരാറുമാസത്തെ ജോലിയേവരുകയുള്ളൂ. കൂടിപ്പോയാൽ ഒരുകൊല്ലത്തിലധികം ഇതിനുവേണ്ട.

MR. A. NARAYANA PILLAI (*Vaikam*): സെറിൽമെൻറു തീർന്നില്ലെങ്കിലും താലൂക്കു മുഖാന്തിരം ജന്മിമാരുടെ പണം പിരിച്ചുകൊടുത്തുകൂടേ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കിട്ടുകയില്ല. ആ വകുപ്പു് നമ്മളിപ്പോൾ ഉദ്ദേശിക്കുന്ന ഗുണത്തെചെയ്യുന്ന ഒരു വകുപ്പല്ല. ഒരാൾ താലൂക്കിൽ അപേക്ഷകൊടുക്കാൻ ചെന്നാൽ ഉടനെ തഹശീൽദാരെകാണണം, ക്ലാർക്കിനെ കാണണം, ശിപായിയെകാണണം, ഇങ്ങനെ പലബുദ്ധിമുട്ടുകളുംഉണ്ടു്.

MR. A. NARAYANA PILLAI (*Vaikam*): ഒരപേക്ഷ കൊടുത്താൽ പോരെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അപേക്ഷയും കൊടുക്കണം; കുറെ പണവുംകൊടുക്കണം. അപേക്ഷകൊടുത്തശേഷം പ്രവൃത്തിക്കച്ചേരിയിൽ മുട്ടുകുത്തിനിൽക്കണം. ഇപ്പോൾ നിങ്ങളുടെകേസിനല്ല സമയമെന്നുപറയും. അതൊക്കെകേൾക്കണം.

MR. A. NARAYANA PILLAI (*Vaikam*): അപ്പോൾ ആ വ്യവസ്ഥകൊണ്ടു ജന്മിക്കോ കുടിയാനൊ ഒരു ഗുണവുമില്ലെന്നാണോ പറയുന്നതു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നിശ്ചയമായുമില്ല. റവന്യൂകോടതിയെക്കാൾ നല്ലതു് സിവിൽ കോടതിയിൽ പോകുന്നതാണു്. ഏതെങ്കിലും ഒരു തീർച്ച് ന്യായമായി കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

MR. A. NARAYANA PILLAI (*Vaikam*): വേണ്ടിവന്നാൽ സിവിൽ കോർട്ടിൽപോകാനും വ്യവസ്ഥയില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): എന്നാൽ ആ വകുപ്പു വച്ചാൽ മതിയല്ലോ. പിന്നെ ഗവണ്മെന്റിനു കരം ഏറെറടുക്കണമെന്നുപറയേണ്ട ആവശ്യമില്ലല്ലോ. റവന്യൂക്കോടതികളിലെ സംകേയ്ങ്ങളും ഒരിക്കലും ആവശ്യത്തിനു പറഞ്ഞിയതല്ല. ഞങ്ങളും ഇതാശിക്കുന്നുംഇല്ല. ഇത്രമാസത്തിനകം അല്ലെങ്കിൽ ഇന്നകാലാവധിക്കുള്ളിൽ സെറിൽമെന്റു തീക്കുന്നതാണെന്നു പറഞ്ഞാൽ കുടിയാൻഭാഗത്തേയ്ക്ക് എന്താണു നഷ്ടം? ഗവണ്മെന്റിലേയ്ക്ക് എന്താണു നഷ്ടം? ഒന്നു ജാഗ്രതമാത്രം ചെയ്താൽമതി.

MR. JOSEPH KUNJU (*Changanachery cum Peermade*): ഗവണ്മെന്റിനു മെമ്പർ പറയുന്ന സമയത്തിനുള്ളിൽ വിചാരിക്കുന്നതു പോലെ ജോലിചെയ്തു തീക്കുവാൻകഴിയുമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നിശ്ചയമായും കൂടുതൽ ആവശ്യമില്ല എന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ വിചാരിക്കുന്നതു് ഇതു നടത്തുന്നതിനു പത്തുകൊല്ലം ടീർഘിച്ചുപോകുമെന്നാണ്. ഈ കാര്യത്തിൽ ജോലിശരിയായിചെയ്യുന്ന ഒരു സ്പെഷ്യലാഫീസറെ നിയമിച്ചാൽ ഒരു അഞ്ചോ ആറോ മാസംകൊണ്ടു ജോലിതീരുവാനുള്ളതേയുള്ളു.

MR. M. N. NARAYANA MENON (*Kottayam*): ഒരു ഉദ്യോഗസ്ഥനെ നിയമിച്ചാൽ മെമ്പർക്കുതൃപ്തിയാകുമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഉദ്യോഗസ്ഥനെ നിയമിച്ചതുകൊണ്ടു തൃപ്തിയാകുകയില്ല. ജോലിക്രമമായിചെയ്തുതീക്കണം. ഒരു ഉദ്യോഗസ്ഥനെനിയമിച്ചാൽ അയാൾക്കുകുറെ ശമ്പളം കിട്ടാനുള്ള ഒരു ജോലിയായി എന്നല്ലാതെ ഞങ്ങൾക്കു പുണ്യമില്ല. എതായാലും നിശ്ചയമായും ഒരു കൊല്ലത്തിൽ കൂടുതൽ ജോലിയൊന്നും വേണ്ട ഇതിനു്, അഥവാ കുറച്ചുകൂടിവേണമെന്നു വന്നാൽ കൂട്ടികൊടുക്കാമല്ലോ. അങ്ങനെ ഏതെങ്കിലും ഒരു കാലം നിശ്ചയിച്ചു് ഇവിടെ പ്രസ്ഥാപിക്കുകയാണെങ്കിൽ നിശ്ചയമായും ഈ ഭേദഗതിയുടെ ആവശ്യംഇല്ല. ഈ ഭേദഗതി ജന്മിമാക്കു നിശ്ചയമായും ദോഷത്തെക്കുടി ചെയ്യുന്നുവെന്നു ചില മെമ്പറന്മാക്കു അഭിപ്രായമുള്ളതായിട്ടെനിക്കറിയാം. എന്നാൽ ഞങ്ങൾ അതിനോടുയോജിക്കുന്നില്ല. സെറിൽമെന്റു ജോലി എതുയും എളുപ്പം തീരണമെന്നുവിചാരിച്ചുമാത്രമാണു ഞാൻ ഈ ഭേദഗതി ഇവി

LIBRARY ARCHIVES Kerala Legislative Assembly

ടെ കൊണ്ടുവന്നതു്. അതുകൊണ്ടു ഗവണ്മെന്റിനെങ്കിലും ഒരു കാലാവധിക്കുള്ളിൽ സെറ്റിൽമെന്റെടുത്തു കൊള്ളാമെന്നുള്ള ഒരു പ്രഖ്യാപനം ചെയ്യണമെന്നുമാത്രമേ ഞാനഭിപ്രായപ്പെട്ടതുള്ളൂ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ആ പ്രഖ്യാപനം എന്നു ചെയ്യണമെന്നു് ഈ ഭേദഗതിയിൽ പറയുന്നുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): എന്റെ ഭേദഗതിയിൽ പ്രഖ്യാപനംചെയ്യണമെന്നില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikpalli*): അതു ഗവണ്മെന്റു് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നുണ്ടോ? എന്നുപ്രസിദ്ധപ്പെടുത്തിയാലുംമതിയോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ നിയമം പാസാകുന്ന അവസരത്തിൽ ഇന്ന തീയതി മുതൽ എടുത്തു തീർത്തുകൊള്ളാമെന്നു പ്രഖ്യാപനംചെയ്യണം.

MR. A. S. DAMODARAN ASAN (*Mavelikara cum kartikapalli*): എന്നു ഭേദഗതിയിൽ ഉണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഭേദഗതിയിൽ ഈ രാജ്യമൊട്ടാകെയുള്ള പിരിവുഭാരം ഒന്നിച്ചേറെടുക്കണമെന്നുള്ളൂ. അതുകൊണ്ടു് ഈ ആശയം വന്നിട്ടില്ലെങ്കിൽ ഈ ഉദ്ദേശം സാധിക്കത്തക്കവിധത്തിൽ ഒരു ഭേദഗതിവരുത്തണമെന്നാണു ഞാനാവശ്യപ്പെട്ടതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ ഭേദഗതി ഒന്നുവായിക്കണം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഭേദഗതി എനിക്കു വായിക്കുവാൻ നിവൃത്തിയില്ല. അതിന്റെ മലയാളതർജ്ജിമ ഇതുവരെ കിട്ടിയിട്ടില്ല. ഞാൻ ഭേദഗതി അയച്ചതു മലയാളത്തിലാണെങ്കിലും അതു ഇംഗ്ലീഷിൽ തർജ്ജിമചെയ്തു തരുന്ന കാപ്പിയാണു് എനിക്കു തന്നിട്ടുള്ളതു്.

MR. C. P. BHATTATHIRI (*Co-opted*): I move the following amendment on behalf of Mr. Tuppan Namputiripad:—

In Section 40A, Explanation, line 1, for the words "the assumption of the collection, "substitute the words "Our Government shall assume the collection in respect of all the jenmom lands in the State at the same time although the proceedings towards such assumption".

LIBRARY ARCHIVES Kerala Legislative Assembly

[Mr C. P. Bhattathi-ri]

ഈ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. രാജ്യമൊട്ടാകെ പിരിവു നടത്തുമ്പോൾ മാത്രമേ പിരിവുഭാരം ഗവണ്മെൻറു ഏറെറടുക്കാവു എന്നഅർത്ഥം വരുന്നുണ്ടു് ഈഭേദഗതിക്കെന്നു പറയുന്നു. ഈ പിരിവിനെ സംബന്ധിച്ചു ഞങ്ങൾ ഇത്ര ഭയന്നിരിക്കുന്നതിനുള്ള കാരണം പിന്നീടു എത്ര കാലത്തേക്കാണു് അടങ്ങിയിരിക്കേണ്ടതെന്നു നിശ്ചയമായി വ്യവസ്ഥചെയ്യാതെയിരിക്കുന്നിടത്തോളം കാലം കൊടുക്കേണ്ടു അളുകൾക്കു കൊടുക്കാതിരിക്കാൻ കഴിയുമോ എന്നുള്ള സംശയം കൊണ്ടു മാത്രമാണു്. ജന്മികൾക്കുള്ള സംഖ്യ കൊടുക്കുന്ന അളുകൾക്കു അങ്ങനെ കൊടുക്കണമെന്നു നിർബന്ധിക്കുന്ന വകുപ്പാണു് ഇവിടെ പ്രധാനമായി കൊണ്ടുവരേണ്ടിയിരുന്നതു്. എന്നാൽ ആ ഒരു നിർബന്ധമല്ല ഇവിടെ കാണിച്ചിരിക്കുന്നതു്. ആ സംഖ്യ വാങ്ങുന്നതിനുള്ള മാർഗ്ഗം കാണിച്ചിരിക്കുന്നതു താലൂക്കിൽനിന്നും വാങ്ങിക്കൊള്ളണമെന്നുള്ളതാണു്. അതിനുള്ളവിഷമം എത്രമാത്രമുണ്ടെന്നു നിയമകർത്താക്കന്മാക്കറിഞ്ഞുകൂടാ. അതുപോലെ എന്തെങ്കിലും നടപടി നടത്തി വാങ്ങുതോ എന്നു ചോദിക്കുകയാണെങ്കിൽ അതിനുള്ള വിഷമവും ചില്ലറയൊന്നുമല്ല. ഉദാഹരണമായി സിവിൽകോടതിയിൽ തന്നെ വിധി സമ്പാദിച്ചുകഴിഞ്ഞാൽ ആ വിധിസംഖ്യ ഈടാക്കുന്നതിനാണു വളരെ പ്രയാസമായിരിക്കുന്നതു്. നോട്ടീസയക്കണം, പരസ്യമയക്കണം, ലേലത്തിൽവയ്ക്കണം, ഇങ്ങനെ പലവിഷമങ്ങളുമുണ്ടു്. ഈ വൈഷമ്യങ്ങൾകൊണ്ടു് കുടിശികയുള്ള എത്രയെത്ര ഭൂമികൾ കുടിയാന്മാക്കു പോയിരിക്കുന്നു. താലൂക്കുകച്ചേരിയിൽ ചെന്നപേക്ഷിച്ചാൽ നിശ്ചയമായും പറുകയില്ല. തൽക്കാലംസമയമില്ല എന്നു ഗവണ്മെൻറുദ്യോഗസ്ഥന്മാർ പറയും. ഗവണ്മെൻറാവശ്യത്തിനും മേലാവിൽനിന്നും എഴുത്തുവന്നാൽപോലും സമയമില്ലെന്നു പറയുന്നതാലൂക്കു അധികാരികൾ പാവപ്പെട്ട ജന്മിമാരുടെ കാര്യത്തിൽ ഇതുപറയുമോ എന്നു സംശയിക്കേണ്ടതേയില്ല. ഇങ്ങനെയായാൽ ജന്മിമാരുടെ അപേക്ഷകൾ താലൂക്കിലെ തഹശീൽദാരന്മാരെടുക്കുന്നില്ല എന്നുള്ളപരാതി ഗവണ്മെൻറിനു കിട്ടിക്കൊണ്ടേയിരിക്കും. മുമ്പുക്കത്തിൽ ഈ രാജ്യം ഒട്ടാകെയുള്ള തഹശീൽദാരന്മാരുടെ പേരിൽ പരാതികൊടുക്കുവാനെ സമയംകാണുകയുള്ളു. കുടിയാന്മാക്കു താലൂക്കിൽ നിന്നും നോട്ടിസു കൊടുത്താൽ തന്നെ കുടിയാനെ കണ്ടില്ല എന്നോ അല്ലെങ്കിൽ കൈപ്പറ്റിയില്ല എന്നോ എന്തെങ്കിലും പറഞ്ഞു അതു നീട്ടിനീട്ടിക്കൊണ്ടു പോകാനും കഴിയും. ജന്മികളുടെ പണം കിട്ടുന്നതു വരെ ജന്മികൾ പട്ടിണി കിടക്കണമോ എന്നാണു ഞാൻ ചോദിക്കുന്നതു്. ജന്മികളോടു കുടിയാ

LIBRARY ARCHIVES Kerala Legislative Assembly

ന്മാർ അവരുടെ ഹൃദയം ഒന്നുതുറന്നു പെരുമാറണമെന്നാണ് ഞാനപേ
ക്ഷിക്കുന്നതു്. ഏട്ടിലെപശുപുല്ലുതിന്നുകില്ല. ജന്മിമാർ പ്രായേണ
സാധുക്കളും നിയമസംബന്ധമായ പരിജ്ഞാനമൊന്നുമില്ലാത്തവരും ആ
കുന്നു. കുടിയാൻ ഭാഗ്യത്തുള്ള പണ്ഡിതന്മാരും സമർത്ഥന്മാരും ആയ
ആളുകൾ എന്തെങ്കിലും ചെയ്യുന്ന കാര്യത്തിൽ വള്ളി പുള്ളി വിസ്ത
രിച്ചു ക്രോഡീകരിച്ചുവ്യാഖ്യാനിച്ചെടുക്കുന്നവരാണു്. പിരിവുവിഷയത്തിൽ വലി
യ ഒരു ചങ്ങല കൊണ്ടുവന്നു പൂട്ടി ആ വകുപ്പിനെ ഇട്ടിരിക്കുകയാണു്.
ഇതുവരെ പാസായ നിശ്ചയങ്ങളും നിങ്ങളുംഎല്ലാം പറയുന്നതുഞങ്ങളും
കേട്ടസമ്മതിക്കുന്നുവെന്നല്ലാതെ അതിന്റെ ഗ്രഡാത്ഥമൊന്നും ഞങ്ങ
ൾക്കു മനസ്സിലാകുന്നില്ല. ഇതിനു മുമ്പുവാദിച്ചതെല്ലാം ഞങ്ങൾ ഗ്രഹി
ച്ചതും മനസ്സിലാക്കിയതും ആശ്രുപത്തിലാണു്. ജന്മിമാരും കുടിയാ
ന്മാരും സഹോദരന്മാർ തന്നെ. എന്നാൽ അവർ തമ്മിൽ ഒരു വ്യവ
സ്ഥവേണമെന്നു വിചാരിച്ചു ഗവണ്മെൻറിനു മാദ്ധ്യസ്ഥം ഏല്പിച്ചിരി
ക്കുന്നു എന്നേയുള്ളു. ആ മദ്ധ്യസ്ഥതയിൽ ഗവണ്മെൻറു അതിൽ ഏ
തെങ്കിലും ഒരു പ്രത്യേക ആളുകൾക്കു മാത്രം കരുതൽ ചെയ്തുകൊണ്ടുവ
രുന്നതു് വളരെ കഠിനമായ ഒരുകാര്യമാണു്. അതുകൊണ്ടു് കുടിയാ
നവന്മാർ ഇതൊന്നാലോചിക്കണം.

ജന്മിമാർ അവിടെപോകണം, അങ്ങനെ അപേക്ഷ കൊടുക്കണ
മെന്നുള്ളവകുഗതിയിൽ കാര്യങ്ങൾ കൊണ്ടുവരുന്നപക്ഷം നല്ലശക്തിയും
സ്വാധീനവുമുള്ള കുടിയാന്മാക്കു് എത്ര സമയം വേണമെങ്കിലും ജന്മിമാക്കു
പണം കൊടുക്കാതെ കഴിച്ചുകൂട്ടാം. ഒരുപക്ഷെ, ഗവണ്മെൻറിലേക്കു
പണം കിട്ടുമെന്നുറപ്പുള്ളതുകൊണ്ടു്, അനേകായിരം ജന്മികൾ പട്ടിണി
കിടക്കേണ്ടതായ ഇത്തരം സന്ദർഭം വരുമ്പോൾ വേണ്ടിവന്നാൽ കുറെപ
ണം ജന്മിമാക്കു അഡ്വാൻസുചെയ്യുവാൻ കൂടി ഗവണ്മെൻറു തയാറാക
ണ്ടെ ആവശ്യമുണ്ടു്. ഞങ്ങൾക്കു പരശുരാമക്ഷേത്രമായിട്ടോ അല്ലെങ്കിൽ
മറെറതെങ്കിലുംപ്രകാരത്തിലോ സർവസ്വാതന്ത്ര്യത്തോടുകൂടി ഉപയോ
ഗിച്ചു കൊള്ളുവാനായി കിട്ടിയിട്ടുള്ള വസ്തുക്കളാണു് ജന്മവസ്തുക്കൾ.
ഫ 0 0 ൽ ഒരാമാംണ്ടിനു മുമ്പു് ഞങ്ങൾക്കു് കേരളത്തിലെ മുഴുവൻ വസ്തുക്ക
ൾക്കും സർവാധികാരമുണ്ടായിരുന്നു. എന്നാൽ അപ്പോഴപ്പോഴായി ആ
വസ്തുവിന്മേലുള്ള ഞങ്ങളുടെ അധികാരങ്ങളെല്ലാം കുത്തിച്ചു, കുത്തിച്ചു
ഇപ്പോൾ മുഴുവനും എടുത്തിരിക്കുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*)
ഇതെല്ലാം ഭേദഗതിയെ സംബന്ധിച്ചതല്ല. ഭേദഗതിയോടു സംബന്ധ
പ്പെട്ട സംഗതികളെ ഇവിടെ പറയാവു.

LIBRARY ARCHIVES Kerala Legislative Assembly

MR. C. P. BHATTATHIRI (*Co-opted*): ഭേദഗതിയോട് സംബന്ധമുള്ളതല്ല. ഇതെങ്കിലും ഞങ്ങളുടെ സങ്കടം കൊണ്ട് പറയുന്നതാണ്. ഒരുവേള പണ്ഡിതനായ ലാമെമ്പർക്ക് എന്റെ പ്രസംഗം കുറച്ച് അതിര കടന്നതാണെന്ന തോന്നുന്നെങ്കിൽ ഞാൻ ക്ഷമ ചോദിക്കുന്നു. ഞങ്ങളുടെ സങ്കടങ്ങളും പറയുന്നതുകൂടി കേൾക്കണമെന്നുള്ള അഭിപ്രായത്തിൽ വച്ചാണ് അതിനൊരവസരം വേണ്ടയോ? ഇവിടെ നിന്നും മടങ്ങി എന്റെ ഇല്ലത്തു ചെന്ന പറഞ്ഞാൽ ആരു കേൾക്കും? ഇതു നിയമനിർമ്മാണത്തിലാക്കുന്ന മറ്റു പണ്ഡിതന്മാരേയും അറിയിക്കുവാനുള്ള സങ്കടമാണിത്. രാജ്യമൊട്ടാകെയുള്ള പിരിവേറ്റു നടത്തുന്നതിനു വ്യക്തിപരമായി ഞാൻ അനുകൂലിയല്ലെങ്കിലും ഞങ്ങൾ തമ്മിൽ തന്നെ അഭിപ്രായവ്യത്യാസം വന്നു കൂടാ എന്നു വിചാരിച്ചു ഞാൻ അവരെ അനുകൂലിക്കയാണ്. എന്റെ സ്നേഹിതന്മാർ "ഞാൻ പിടിച്ച മുയലിനു മൂന്നുകൊമ്പുണ്ട്" എന്നതരത്തിൽ നിൽക്കയാണ്. ഇതു വ്യക്തിപരമായ ഒരുകാര്യമല്ലാത്തതിനാൽ എനിക്കവരെ അനുകൂലിക്കാതിരിക്കാൻ നിവൃത്തിയില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഏതെങ്കിലും ഒരു നിർബന്ധബുദ്ധി ഉണ്ടായിട്ടു മാത്രമാണു ഇങ്ങനെപറയുന്നതെന്നു മെമ്പർക്കഭിപ്രായമുണ്ടോ?

MR. C. P. BHATTATHIRI (*Co-opted*): അശേഷമില്ല. മി. ഉപ്പൻനമ്പൂതിരിപ്പാടിന്റെ ഭയത്തിന്റെ കൂട്ടത്തിൽ കൊണ്ടാണു ഇതു പറയുന്നതെന്നു എനിക്കു നല്ലവണ്ണം അറിയാം. രാജ്യമൊട്ടാകെയുള്ള പിരിവു ഒന്നിച്ചു ഏറ്റുനടത്തുന്നതിനു എന്റെ അഭിപ്രായനില ഭേദിച്ചുകൊണ്ടല്ല ഞാൻ ഈപറയുന്നതു. ഞാൻ ഒരു എതുകക്ഷി എന്ന നിലയിൽ ഇവിടെ വന്നിട്ടില്ല. സെറിൽമെൻറ് കായ്ത്തെപ്പറ്റി ലാമെമ്പർ പരസ്യമായ ഒരു പ്രഖ്യാപനം ചെയ്യേണ്ട ആവശ്യമുണ്ട്. ജന്മികളോടും കുടിയാന്മാരോടും ഒരുപോലെ അനുഭാവം ഉണ്ടാകേണ്ട ഗവർമ്മെൻറിനുഇക്കാര്യത്തിൽ ഒരു ജാഗ്രതവയ്ക്കേണ്ടതു അവരുടെ കമതന്നെ ആയിരിക്കും. ഞങ്ങൾക്കു ഈ ഒരൊറ്റവിഷയത്തിലല്ലാതെ കൂപ്പുവടംകൊണ്ടോ, ഉദ്യോഗംകൊണ്ടോ, അല്ലെങ്കിൽ മറേറതങ്കിലും പ്രകാരത്തിലൊ ഒറ്റപൈപോലും കിട്ടുകയില്ല. അങ്ങനെയുള്ള കാലമാണിപ്പോൾ വന്നിരിക്കുന്നതു. പണ്ടൊക്കെ വേണമെങ്കിൽ കരെ കൂട്ട

LIBRARY ARCHIVES Kerala Legislative Assembly

തലും കൂടിയാന്മാർ തന്നുകൊണ്ടിരിക്കുന്നതിനുള്ള ഔദാര്യമുണ്ടായിരുന്ന അതു പ്രായേണ, ചോദിച്ചില്ലെങ്കിൽ കൊടുക്കേണ്ട എന്നുള്ള നിലയിലാണു വന്നിരിക്കുന്നതു്. ഇനിക്കോടതിയിൽ പോകാമെന്നു വച്ചാൽ അതു എല്ലാവക്കും സാധിക്കുമോ എന്നു ഞാൻ ചോദിച്ചു കൊള്ളട്ടെ. ഏതായാലും ഇന്നഒരുകാലാവധിയ്ക്കുകം സെറിൽമെൻറു രജിസ്റ്റർ നടത്തിക്കൊള്ളാമെന്നു പ്രഖ്യാപനംചെയ്യുന്നപക്ഷം അതു ഒരു ഉപാധിയോടുകൂടി ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : May I speak in Malayalam, Sir?

PRESIDENT: Yes.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ജന്മിമെമ്പർമാർ ഇവിടെ കൊണ്ടുവന്നിട്ടുള്ള അമൻറുമെൻറിനുവേണ്ടിയാണു് ഈ പ്രസംഗങ്ങളൊക്കെ ചെയ്തതു് എന്ന നിലയിൽ മാത്രമെ ഞാൻ അതിനെ വിചാരിക്കുന്നൊള്ളു. ജന്മിക്കരം ഗവൺമെൻറു പിരിക്കാമെന്നുള്ള ഭാരം ഏല്ക്കുന്നതുകൊണ്ടു് അതു സംസ്ഥാനം ഒട്ടുക്കുള്ള ഭൂമികളെ ഒന്നാകെ എടുത്തു പിരിക്കണമെന്നും, അല്ലാതെ സെറിൽമെൻറു തീരുന്നതനുസരിച്ചു് അതാതു സ്ഥലങ്ങളിലുള്ള കരം നേരത്തെ പിരിക്കാൻ പാടില്ലെന്നും ഉള്ളതാണു് ഈ ഭേദഗതികളുടെ സാരം. ഗവൺമെൻറു് ഈ ഭാരം കയ്യേല്ക്കുന്ന സ്ഥിതിക്കു ജന്മവസ്തുക്കളിൽ ആദ്യം സെറിൽമെൻറു നടത്തണം. അതിനുശേഷം ഓരോ സ്ഥലങ്ങളെ സംബന്ധിച്ചും വിചാരണ നടത്തി പ്രമാണങ്ങളും നോക്കി കരം നിണ്ണയിച്ചു് ഒരുജന്മിക്കരം രജിസ്റ്റർ തയ്യാറാക്കണം. ഇതുതയാറായിവന്നാൽ ഉടൻതന്നെ കരങ്ങളം പിരിച്ചുതുടങ്ങാം. ഇങ്ങനെ തയാറാക്കുന്നതിൽ വല്ല തക്കവും വന്നാൽ അതു സിവിൽ കോടതിയിൽ പോയിതീർത്തു കൊള്ളണം. ഇതാണു ഇപ്പോൾ നിണ്ണയിച്ചിട്ടുള്ള വ്യവസ്ഥ. എന്നാൽ ഇതിൽ ജന്മി മെമ്പർമാർ പറയുന്നതക്കത്തെപ്പറ്റി ഒന്നാലോചിക്കാം. ആദ്യംതോവാള താലൂക്കിൽ സെറിൽമെൻറു തുടങ്ങുന്നു. അവിടെ അതു പൂർത്തിയാകുന്നതിനു് ആറുമാസം വേണ്ടിവരുന്നു. രണ്ടാമതു കാർത്തികപ്പള്ളി താലൂക്കിൽ തുടങ്ങുന്നു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഓരോ ഡിവിഷൻ തിരിച്ചു പ്രത്യേകം തുടങ്ങുന്നതു കുറെക്കൂടി എളുപ്പമല്ലേ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതുപറയാം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Parameswaran Pillai.]

കാത്തികപ്പള്ളി താലൂക്കിലെ സെറിൽമെൻറു തീരുന്നതിനു ഒരുകൊല്ലംവേണ്ടിവരുന്നു. ഇപ്പോൾ മി. തുപ്പൻനമ്പൂതിരിപ്പാടു പറയുന്നതു തോവാളതാലൂക്കിൽ ആറുമാസംകൊണ്ടു തീർന്നാലും അവിടത്തെ കരംപിരിക്കാൻ തുടങ്ങരുതെന്നും കാത്തികപ്പള്ളി താലൂക്കിൽ ഒരു കൊല്ലം കൊണ്ടു തീർന്നശേഷമേ രണ്ടുസ്ഥലത്തേയും കരംപിരിക്കാൻ പാടുള്ളൂ എന്നുമാണു്. എന്നാൽ ഈ സംഗതിയിൽ ഗവണ്മെൻറിനു ഒരു ബുദ്ധിമുട്ടും ഇല്ലെന്നുമാത്രമല്ല ഈ ബില്ലിൽ പറയുന്നഭാരം ഗവണ്മെൻറു നിർവ്വഹിക്കുന്നതിനു ഇതുകൊണ്ടു ന്യൂനതയുമില്ല. ഈ ഭേദഗതികൊണ്ടു ഞാൻ മനസ്സിലാക്കിയിടത്തോളം കൂടിയാന്മാക്കും ആക്ഷേപമില്ല. എന്നാൽ ഒരുസ്ഥലത്തു സെറിൽമെൻറു തീർന്നാലും എല്ലാസ്ഥലത്തും തീരുന്നതുവരെ ഇതു ഇട്ടുകൊണ്ടിരിക്കുന്നതു് അതു ഉചിതമായിരിക്കുമോ എന്നൊരു ചഞ്ചലം ഗവണ്മെൻറിനുണ്ടു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ അമൻറുമെൻറു കൊണ്ടുവരാനുള്ള കാരണമെന്താണു്?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): എന്നാൽ മൂന്നു ജന്മിമെംബർമാരും ഇങ്ങനെ നിർബന്ധിച്ചു പറയുകയാണെങ്കിൽ ഗവണ്മെൻറു് അതു സ്വീകരിക്കേണ്ടതായിട്ടു വരുമെന്നാണു തോന്നുന്നതു്.

ഗവണ്മെൻറു് ഈ കരംപിരിവിനെ സംബന്ധിച്ചു് ഒരു പ്രഖ്യാപനം ചെയ്യണമെന്നാണു ജന്മിമെമ്പർമാർ പറയുന്നതു്. ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നാലും ഇല്ലെങ്കിലും, ഗവണ്മെൻറു പ്രഖ്യാപനം ചെയ്യാൻ തയാറുണ്ടു്. കരംപിരിവിനെ സംബന്ധിച്ചുള്ള നടപടി നടത്തി തുടങ്ങിയാൽ അതു നിർത്തിവയ്ക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല. ഇതിനുംപുറമെ ഗവണ്മെൻറു നടത്തുന്ന നടപടികളുടെ വിവരം അറിയണമെങ്കിൽ ഇനി നമുക്കുള്ള രണ്ടു പ്രതിനിധിസഭകളും മുഖാന്തരം ചോദ്യങ്ങൾ ചോദിക്കുന്നതിനും നമുക്കു സൌകര്യമുണ്ടു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കഴിയുന്നതുംവേഗത്തിൽ എന്നു ഈ ബില്ലിൽ പറഞ്ഞിട്ടുണ്ടു്. അതു് ഒരുകാലക്ലിപ്തം ചെയ്തുപറയാമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇപ്പോൾസാധിക്കുകയില്ല. നടപടിനടത്തി തുടങ്ങിയശേഷമേ അതുപറയുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കാലനിർണ്ണയംചെയ്യട്ടേ അതുപോരാതെവന്നാൽ കുറെസമയംകൂടി നീട്ടികൊടുക്കുമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): എത്രസമയം വേണമെന്നു ഒരറിവുമില്ലാതെ ഇപ്പോൾഎങ്ങനെയാണു പറയുന്നതു്? ഈസംഗതിയിൽ വീഴ്ചവരുത്തണമെന്നു ഗവൺമെൻറു വിചാരിക്കുന്നില്ല. കഴിയുന്നതും വേഗത്തിൽ ഇതിലേക്കു വേണ്ട നടപടിനടത്തിയുടങ്ങും. നടപടിയുടെവിവരങ്ങൾ ജന്മിമാക്കോ കുടിയാന്മാക്കോ അറിയണമെങ്കിൽ അസംബ്ലിയിലോ സ്റ്റേറ്റ്കൌൺസിലിലോ ചോദ്യങ്ങൾ ചോദിച്ചാൽ മതിയാകുന്നതാണു്. മാസംതോറും ഈനടപടികളുടെവിവരം പരസ്യം ചെയ്യണമെങ്കിൽ അതിനും വിരോധമില്ല. മി. തുപ്പൻനമ്പൂതിരി പറഞ്ഞതു കരംകിട്ടിയില്ലെങ്കിൽ ജന്മിമാരൊക്കെ പട്ടിണിയാണെന്നാണു്. ജന്മിമാരൊക്കെ പട്ടിണിയാണെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാലും (ഞാൻ അതുസമ്മതിക്കുന്നില്ല). അങ്ങനെയാണെങ്കിൽ ഒരുസ്ഥലത്തു സെറിൽമെൻറു നടത്തിയാൽ ഒരഞ്ചുറുജന്മിമാക്കു പട്ടിണിക്കിടവരുത്താതെ കരം പിരിച്ചുകൊടുക്കാമെന്നിരിക്കെ ബാക്കിയുള്ളസ്ഥലത്തുള്ള സെറിൽമെൻറു തീരുന്നതുവരെ ഇവരുംപട്ടിണികിടക്കണമെന്നു പറയുന്നതു ന്യായമല്ല. ഈ കാരണംകൊണ്ടാണു മി. തുപ്പൻനമ്പൂതിരിപ്പാടിൻെറ അമൻറുമെൻറു ന്യായമല്ലെന്നു ഞാൻപറയുന്നതു്. എന്നാൽ കഴിയുന്നതുംവേഗത്തിൽ ഇതിലേക്കുവേണ്ട നടപടിനടത്താമെന്നു ഗവൺമെൻറിനുള്ള ഉത്തരവാദിത്വത്തോടുകൂടി ഞാൻ ഇപ്പോൾപറഞ്ഞുകൊള്ളട്ടെ.

ജന്മിമാരെല്ലാംകൂടി ഈ അമൻറുമെൻറു വേണമെന്നുപറയുന്നപക്ഷം അവരുടെഉത്തരവാദിത്വത്തിന്മേൽ, ഞാൻ മുമ്പുപറഞ്ഞതുപോലെ, ഗവണ്മെൻറു സ്വീകരിക്കേണ്ടിവന്നേയ്ക്കും. കുടിയാൻ മെമ്പർമാക്കും ഇതിൽ വിരോധം മിക്കവാറും കാണുകയില്ല. എന്നാൽ ഇതുന്യായമല്ലാത്തതുകൊണ്ടു ഗവണ്മെൻറിനു ഇതുസ്വീകരിക്കേണ്ടതായിവന്നാൽ അതുവളരെ വ്യസനത്തോടുകൂടി ആയിരിക്കുമെന്നുകൂടി എനിക്കു പറയുവാനുണ്ടു്.

ഈ അമൻറുമെൻറു സ്വീകരിക്കുന്നതിനു മറെറാരു കാരണമായി മി. തുപ്പൻനമ്പൂതിരിപ്പാടു പറയുന്നതു സെറിൽമെൻറു ചില താലൂക്കുകളിൽ നടത്താതെ ഇട്ടേക്കുമെന്നാണു്. ഗവൺമെൻറങ്ങനെ വിചാരിക്കുന്നില്ല; അഥവാ ജന്മിക്കരം നേരത്തെ കിട്ടണമെങ്കിൽതന്നെയും ഈ ബില്ലിൽപറയുന്നതനുസരിച്ചു ഒരപേക്ഷ താലൂക്കുകച്ചേരിയിൽ കൊടുത്താൽമതിയാകുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): താലൂക്കിൽ ഒരപേക്ഷകൊടുത്താൽ ഇന്ന ജന്മിക്കരംകിട്ടുമെന്ന മെമ്പർ വിചാരിച്ചിരിക്കുന്നുണ്ടോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഗവൺമെൻറിൽനിന്നും പിരിച്ചുതരുന്നതുപോലെ അത്ര എളുപ്പത്തിൽ സാധിച്ചുഎന്നുവരികയില്ലായിരിക്കാം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പഴയറഗുലേഷനിൽതന്നെ സമ്മറിയായി സിവിൽകോടതിയിൽ കേസുകൊടുക്കാമെന്നുള്ള പ്രായോഗികത്തിൽ പ്രയോജനരഹിതമായിട്ടാണിരിക്കുന്നതെന്ന മെമ്പർക്കറിയാമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതിനെപ്പറ്റി രണ്ടഭിപ്രായമുണ്ട്. ജന്മിമാർ കൂടിശികയിടാൻനോക്കുകയല്ലാതെ സമ്മറിയായി കേസുകൊടുക്കാൻ പോകുന്നില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാർ കൂടിശിക വരുത്തിപ്പിക്കണമെന്ന വിചാരിച്ചാണോ സമ്മറിയായി കേസുകൊടുക്കാത്തത്?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങനെ ഒന്നും ഗവൺമെൻറുപറയുന്നില്ല. എന്നാൽ ഇങ്ങനെയും ഒരഭിപ്രായം വന്നിട്ടുണ്ടെന്ന മാത്രമേപറയുന്നുള്ളൂ.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗവൺമെൻറിന്റെ അഭിപ്രായം എന്താണ്?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇരുകൂട്ടർക്കും ഇതുനിമിത്തം വഴക്കിനു വഴിയുണ്ടെന്ന ഗവൺമെൻറു മനസ്സിലാക്കീട്ടുണ്ട്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാർ മനഃപൂർവ്വം കൂടിശികയിട്ടുകൊണ്ടിരിക്കുന്ന എന്ന ഗവൺമെൻറു മനസ്സിലാക്കിയിട്ടുണ്ടോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങനെ മനസ്സിലാക്കീട്ടില്ല; ഈ സമ്മറി പ്രൊസീഡിങ്ങ്സ് അസാദ്ധ്യമാണെന്നോ സാധ്യമാണെന്നോ രണ്ടും ഗവൺമെൻറു പറയുന്നില്ല. ജന്മികടിയാൻ-ബില്ലിനെപ്പറ്റി നടന്ന കാൺഫ്റൻസിൽ മി. തുപ്പൻനമ്പൂതിരിപ്പാടും ഒരുമെമ്പറായിരുന്നു. ആ കാൺഫ്റൻസിൽ കൂടുതൽ പലിശ കിട്ടണമെന്നുള്ള വിചാരത്താൽ ജന്മിമാർ കൂടിശികയിടുന്നുണ്ടെന്നുള്ള ഒരഭിപ്രായംവന്നു. അതുകൊണ്ടാണ് ഒരു കൊല്ലത്തി

LIBRARY ARCHIVES Kerala Legislative Assembly

ൽക്രടാത്ത കാലത്തിനുള്ള കരംഇളവാക്കിക്കൊടുക്കുന്നതിനു ബില്ലിൽവ്യ വസ്ഥവച്ചതു്.

MR. C. N. TUPPAN NUMPUTIRIPAD (*Jenmies*): സമ്മറിയായിട്ടു കേസ് കൊടുക്കുക എന്നുള്ള വകുപ്പു് അതു പ്രായോഗികമല്ല എന്നു റെവന്യൂ ടേബ്യൂഠം കാൺഫ്റൻസിൽ വാദിച്ചിട്ടുള്ളതായി അറിയാമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): വാദിച്ചിട്ടുണ്ടു്. ഇപ്പോൾ ചേർത്തിട്ടുള്ള ര ാ എ. മുതൽവകുപ്പുകൾപോലെ അതു എളുപ്പമല്ല ഇതെന്നുള്ളതു സമ്മതിക്കുന്നു. ഏതായാലും ജന്മിമാർ തീരെ പട്ടിണികിടക്കയാണെന്നു പറയുന്ന വാദത്തിൽ അർത്ഥമില്ല.

MR. S. KRISHNA PILLAI (*Karunagapalli*): മി. തുപ്പൻനമ്പൂതിരിപ്പാടിന്റെ അമൻഡുമെന്റു നടപ്പിൽഇരിക്കുന്നിടത്തോളം കാലം കുടിയാൻ കരം കൊണ്ടു തന്നാൽ സർക്കാരിൽനിന്നും വാങ്ങിക്കുമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): വാങ്ങിക്കയില്ല.

MR. S. KRISHNA PILLAI (*Karunagapalli*): സമയത്തു ഗവൺമെന്റു വാങ്ങിയില്ലെങ്കിൽ പലിശ കൂട്ടുകയില്ലേ? അതു കുടിയാനനഷ്ടമല്ലേ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ജന്മിമാരെ ഏല്പിക്കാം. അവർ വാങ്ങിച്ചില്ലെങ്കിൽ കോട്ടിൽ കെട്ടിവയ്ക്കാം. അതിലേയ്ക്കുള്ള വ്യവസ്ഥയുണ്ടു്. എന്നാൽ "ഏട്ടിലുപ്പടിപോലെ" എന്നുപറയുന്നകൂട്ടത്തിൽ അതു പ്രായോഗികമാണോ എന്നുസംശയമാണു്. ഏതായാലും ഇതു ചട്ടത്തിലുണ്ടു്.

ജന്മിമെമ്പർ ആവശ്യപ്പെട്ടതുപോലെ കരംപിരിക്കുന്നതിന്റെ നടപടി കഴിയുന്നതും വേഗത്തിൽ തുടങ്ങുന്നതാണെന്നുള്ള ഒരു പ്രഖ്യാപനം ചെയ്തുകൊള്ളുന്നു. എന്നാൽ ഈ പ്രഖ്യാപനംകൊണ്ടു അമൻഡുമെന്റിലടങ്ങിയിട്ടുള്ള മറുഭാഗങ്ങൾ ഞാൻസ്വീകരിക്കുന്നു എന്നുവിചാരിക്കണ്ടാ. ഈ സംഗതിയിൽ ഗവൺമെന്റിനു് ഒരുത്തരവാദിത്വമുള്ളതുകൊണ്ടുമാത്രമാണു് ഈ പ്രഖ്യാപനം ചെയ്യുന്നതു്.

MR. A. THANU PILLAI (*Trivandrum*): കഴിയുന്നതും വേഗത്തിൽ ഈ ജോലിതുടങ്ങാമെന്നു ര ാ ബി. വകുപ്പിൽതന്നെ പറയുന്നുണ്ടല്ലോ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഉണ്ടു്. ഒരു സംശയവും ഉണ്ടാകാതിരിക്കുന്നതിനാണു കഴിയുന്നതുംവേഗത്തിൽ എന്നുചേർത്തതു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Paramesvaran Pillai.]

For carrying out the purposes of the foregoing Section, our Government shall, as soon as may be..... .....

എന്ന റഫ്രലേഷനിൽ പറഞ്ഞുപോയാൽ പിന്നീട് അതു മഹാരാജാവുതിരുമനസ്സിലെ കല്പനയാണ്. ഇങ്ങനെ ഒരുകല്പന ഈ റഫ്രലേഷൻ മുഖാന്തിരം പരസ്യം ചെയ്തുപോയാൽപിന്നീട്, ഞാൻ പ്രത്യേകം പറയേണ്ട ആവശ്യമില്ലെല്ലോ. ഗവൺമെൻറ് അതിനെ ഒരിക്കലും നിഷേധിക്കുന്നതല്ല. അതിനാൽ ഈ അമൻറുമെൻറിൻെറ ആവശ്യമില്ലെന്നാണ് എൻെറഅഭിപ്രായം.

MR. N. RAMAN NAMPUTIRIPAD (*Co-opted*): മി. കയ്യാലംപരമേശ്വരൻ പിള്ളയുടെ ഭേദഗതി (ർ o എ) പ്രകാരം ഓരോ പ്രത്യേക പ്രദേശങ്ങളിൽ പ്രത്യേക ജന്മിമാരുടെ ജന്മവസ്തുക്കളെസംബന്ധിച്ചു കണ്ടെഴുത്തുനടത്തി പിരിവുതുടങ്ങാനുള്ളഅധികാരം ഗവൺമെൻറിനു സിദ്ധിക്കുന്നുണ്ട്. ഇങ്ങനെ അവ്യവസ്ഥിതമായ ഒരുരൂപംകൊണ്ടു ഗവൺമെൻറിനു പെരുമാറ്റൻ അധികാരം ഇരിക്കുമ്പോൾ സ്വാധീനശക്തിയുള്ള അതുകൊണ്ടുകാര്യങ്ങൾ എളുപ്പത്തിൽസാധിക്കുന്നതിനുള്ള ഒരവസരം ഉണ്ടാകുന്നുണ്ട്. ബാക്കിയുള്ളവരുടെകാര്യങ്ങൾ സാധിക്കുന്നതിനു വളരെ കാലതാമസംവരുമെന്നുള്ള വിചാരത്താലാണ് മി. ഇപ്പൻ നമ്പൂതിരിപ്പാട് ഈ അമൻറുമെൻറ് ഇവിടെകൊണ്ടുവരുന്നതിനുള്ള പ്രധാനകാരണം.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): "സ്വാധീന ശക്തിയുള്ളവരുടെ കാര്യം എളുപ്പത്തിൽ സാധിക്കുന്നു" എന്നുപറഞ്ഞഭാഗം എന്താണെന്നു മനസ്സിലാകുന്നില്ല?

MR. N. RAMAN NAMPUTIRIPAD (*Co-opted*): അതുപറയാം. ഇന്നു ഈ രൂപപ്രകാരം ഗവൺമെൻറ് ആദ്യം സെറ്റിൽമെൻറുനടത്തി പിരിവുതുടങ്ങുന്നതു് അഞ്ചുവർഷത്തിനുശേഷം വസ്തുക്കളിലായി എന്നുവരാം. അതുകഴിഞ്ഞു സവർണ്ണനമ്പൂതിരിയുടെയോ അല്ലെങ്കിൽ പറനമ്പൂതിരിയുടെയോ ആയിഎന്നുവരാം. ഇവരൊക്കെ സ്വാധീനശക്തിയുള്ളവരാണ്. ഇതൊക്കെകഴിഞ്ഞു ബാക്കിയുള്ളവരുടെകാര്യം വളരെ അമാന്തിച്ചേതീരുകയുള്ളൂ.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): ഓരോതാലൂക്കുതോറുമെന്നോ ഓരോ ഡിവിഷൻതോറുമെന്നോ വ്യവസ്ഥചെയ്താൽ ഈദോഷം വരുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAN NAMPUTIRIPAD (*Co-opted*) : ഒരുപക്ഷേ ദോഷമില്ലായിരിക്കാം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ആദ്യം കുറച്ചു ആളുകാംക്കാനുകൂല്യം കിട്ടിയാലും ഇതവസാനിക്കുന്നതെല്ലാം ഒന്നിച്ചായിരിക്കുമല്ലോ.

MR. N. RAMAN NAMPUTIRIPAD (*Co-opted*): അതു ജാഗ്രതയുനസരിച്ചിരിക്കും. ഇല്ലെങ്കിൽ ദിവസം നീങ്ങിപോയേക്കാനും മതി.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഇതു് അടുത്തകാലത്തു തീരുമോ?

MR. N. RAMAN NAMPUTIRIPAD (*Co-opted*): ഇല്ല. എതായാലും പിരിവു് ഒന്നിച്ചു തുടങ്ങണമെന്നാണു് എന്റെ അഭിപ്രായം.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): ജന്മിക്കരം പിരിക്കണമെന്നു ഗവൺമെൻറിനു തീരെ ആഗ്രഹമില്ലെങ്കിലോ ?

MR. N. RAMAN NAMPUTIRIPAD (*Co-opted*) : അതാഗ്രഹമുണ്ടെന്നുസമ്മതിച്ചു കഴിഞ്ഞിരിക്കുന്നതുകൊണ്ടു് അതു് ഒരു accepted fact ആയിരിക്കയാണു്.

അതുകൊണ്ടു് ഈ ഭേദഗതി ആവശ്യമാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ലാമെമ്പർ പ്രസ്താവിച്ചസംഗതികളും മുഴുവനും എനിക്കു മനസ്സിലായി. ഈ അമൻറുമെൻറിന്റെ ഉദ്ദേശം ഞാൻ ആദ്യമേതന്നെ വെളിപ്പെടുത്തിയിട്ടുണ്ടു്. ഈ ഭാഗത്തെപ്പററി ഈകൗൺസിലിൽ അഭിപ്രായവ്യത്യാസത്തിനു വകയുമില്ല. ഇപ്പോഴത്തെ പുതിയ ജന്മികടിയാൻ ബില്ലിൽ ഏററവും ഒരു പ്രധാനമായഭാഗമാണു് ഇതു് എന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്. ഈ സംഗതി എത്രയുംവേഗം നടപ്പിൽ വരുത്തണമെന്നുള്ള ഉദ്ദേശം ഗവൺമെൻറു വിചാരിക്കയാണെങ്കിൽ സാധിക്കും. അതിലേക്കു ഒരുനിർബ്ബന്ധബുദ്ധിയുണ്ടാകുന്നതിനുവേണ്ടിമാത്രമാണു ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു് സെറിൽമെൻറു തീരുന്ന ഭാഗങ്ങളിൽ കരം പിരിച്ചു തുടങ്ങിയാൽ അവിടെയുള്ള ജന്മിമാരെങ്കിലും പട്ടിണികൂടാതെ കഴിക്കുമല്ലോ എന്നാണു ലാമെമ്പർ പറഞ്ഞതു്. എന്നാൽ ജന്മിമാക്കു ഇതുകിട്ടിയാലും ഇല്ലെങ്കിലും പട്ടിണിയാണു്. റവന്യൂറക്കവറി റഗുലേഷൻ മുഖാന്തരം തഹശീൽദാക്കുപേക്ഷ കൊടുത്തു പിരിക്കുമോ എന്നു ചില മെമ്പർമാർ പറയുകയുണ്ടായി. ഇതെല്ലാം കടലാസിലുണ്ടെങ്കിലും സാധിച്ചുകിട്ടുന്ന കാര്യം അതു എളുപ്പമല്ല. ഫ–ലെറഗുലേഷൻ അനുസരിച്ചു മിച്ചവാരം

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

കൊടുക്കയും വല്ല അടിയന്ത്രങ്ങളും വരുമ്പോൾ അതിലേക്കു വല്ലതും കൊടുക്കയും ചെയ്യ കൊല്ലംകഴിഞ്ഞു തുച്ഛമായ ഒരു സംഖ്യ പൊളിച്ചെഴുത്തിനു കൊടുക്കയും വേണമെന്നാണു സാധാരണക്കാരുടെ ധാരണ. ജന്മിമാക്കുഇപ്പോൾ ചെയ്യ ചക്രം കൊടുക്കാനുള്ളതു് ഈ റഗ്ലേഷൻ പാസായി ഗവൺമെൻറു പിരിച്ചുതുടങ്ങുമ്പോൾ ചെയ്യ ചക്രം കൊടുക്കേണ്ടതായിവരും. അതു ക്രൂരതലാണെന്നു പറഞ്ഞു ജന്മിക്കു കുടിയാന്മാർ കൊടുക്കുകയില്ല. ഇതിനുംപുറമെ ഈ റഗ്ലേഷൻ പാസായികഴിഞ്ഞാൽ ജന്മിക്കു മിച്ചവാരം കൊടുക്കണ്ടാ എന്നുള്ള വിചാരത്തിലും ചിലർ കൊടുക്കാതെയിരിക്കും. ഏതായാലും ജന്മിക്കു് ഒന്നുംതന്നെ കിട്ടുകയില്ല എന്നുള്ള ഒരു നിലയാണു കാണുന്നതു്. ഇതു് എന്റെ അനുഭവം പറയുകയാണു. കുടിയാന്മാരുടെ സംഗതികളും മുഴുവനും അറിയാവുന്ന മെമ്പർമാരും ഇവിടെയുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കുടിയാൻമെമ്പർമാർ ഇവിടെയുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടിയാന്മാരുടെനില അറിയാവുന്ന മെമ്പർമാരിവിടെയുണ്ടു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ജന്മിമാരുടെ നില അറിയാവുന്ന മെമ്പർമാരുമില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഉണ്ടു്. കുടിയാന്മാരുടെ ഭാഗത്തേയ്ക്കും ദോഷകരമായ പലഭാഗങ്ങളും ഈ ബില്ലിൽഉണ്ടു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കുടിയാന്മാക്കു ദോഷമായ വകുപ്പുകളും ഈ ബില്ലിൽഉണ്ടെന്നാണോ മെമ്പരുടെ അഭിപ്രായം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാരുടേയും കുടിയാന്മാരുടേയും രക്ഷയെനോക്കിയിട്ടുള്ള ഒരു നിയമരൂപീകരണമല്ല ഇതു.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*): പിന്നെ ആരുടെ രക്ഷയെയാണു് ഇതിൽ നോക്കിയിട്ടുള്ളതു്?

MR. C. N. TUPPAN NANPUTIRIPAD (*Jenmies*): ഗവൺമെൻറിന്റെ രക്ഷയ്ക്കാണെന്നും പറയാൻതരമില്ല. കുടിയാന്മാക്കുവേണ്ടി ഗവൺമെൻറു ഒരു വലിയഭാരം (പിരിവുഭാരം) കയ്യേറ്റിട്ടുണ്ടു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഗവൺമെൻറു കുടിയാനാണോ അതല്ല ജന്മിക്കാണോ കരം പിരിച്ചുകൊടുക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടിയാന്മാക്കുവേണ്ടി ഗവൺമെൻറു കയ്യേറ്റു എന്നാണു് ഞാൻപറയുന്നതു്. സിലക്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയിൽ മെജാറിട്ടിയനുസരിച്ച റിപ്പോർട്ട് തയ്യാറാക്കുക എന്നുള്ള ഒരു ന്യായമാണുണ്ടായിരുന്നതു്. ആ റിപ്പോർട്ട് ഞങ്ങൾ സ്വീകരിച്ചില്ല; എന്നാൽ ഗവൺമെൻറുജന്മികരം പിരിച്ചതരാമെന്നു ഏല്ക്കുന്നപക്ഷം ഞങ്ങൾ അതുസമ്മതിക്കാമെന്നുപറഞ്ഞു. ഗവൺമെൻറു പിരിവുഭാരംകയ്യേല്ക്കുയുംചെയ്തു. ഇതിൽനിന്നും ഗവൺമെൻറു് ആക്കുവേണ്ടിയാണു് ഈ ഭാരം കയ്യേറതെന്നു നിങ്ങൾക്കു് ഊഹിക്കുവാൻ കഴിയുമെന്നാണു് ഞാൻവിചാരിക്കുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതാരാണു് ആവശ്യപ്പെട്ടതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കമ്മിറ്റിയുടെറിപ്പോർട്ടനുസരിച്ച ഉത്തരവു സ്വീകരിക്കാൻനിവൃത്തിയില്ലാത്തതിനാൽ ജന്മിമാർആവശ്യപ്പെട്ടു.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): I rise to a point of order. Is this all relevant to the point now under discussion?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതുകൊണ്ടു ഞാൻ ഈ ഭേദഗതി പിൻവലിക്കുന്നതിനുദ്ദേശിക്കുന്നില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): He does not want to withdraw his amendment. He says he is going to press it. Therefore he has to move it formally. I thought he was going to withdraw after getting an announcement from Government.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is it not the amendment that was drafted here, that is now being moved?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): It was drafted only at the request of the Jenmi members.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Why should he withdraw, then?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I thought that he was only awaiting an assurance from Government I may make the position clear. Government have not the least idea of protracting the enquiry towards the settlement of the jenmikaram.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Can we get any idea as to the time within which that will be done?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Nothing. I can only give my personal *opinion* about it, and no definite information.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): What is the procedure to be adopted? The Jenmi members have given expression to an apprehension that some influential Jenmies may be taken up first, leaving the rest to suffer.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Government have no such idea. Some details in regard to the procedure to be adopted have been mentioned in some of the succeeding Sections.

MR. A. THANU PILLAI (*Trivandrum*): May I know whether the work will not be done on a territorial basis?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Whatever is convenient will be done.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Is there not an assurance at least with regard to that? I suppose the work will be proceeded with on the territorial basis as in the case of the ordinary settlement. There must be an assurance at least with regard to that.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): It need not necessarily be that; because it is provided "*or in such other convenient groups*;" because, a hundred Jenmies may agree among themselves, come forward to Government and say "We have settled our lands; here they are; take them"; then, why should the Government raise any objection?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Why should the Government be in a hurry if the Jenmies do not want it?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes; having regard to the unanimous demand made by the Jenmi members here, Government are inclined to support the amendment of Mr. Tuppan Namputiripad.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): Once the Government take up the responsibility, will they not continue till the whole settlement is over?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): So long as there is provision in the Regulation, Government will do it.

PRESIDENT: An amendment has been moved by Mr. Tuppan Namputiripad to the Explanation to Section 40 A. With the amendment the Section will read as follows:

> "Our Government shall assume the collection in respect of all the jenmom lands in the State at the same time although the proceedings towards such assumption may be made in respect of all the jenmom lands in the State together or of such lands in any local area or in such other convenient groups as may be determined by Our Government."

The amendment was put to vote and carried.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I demand a poll.

A poll was taken and the House divided as follows;—

LIBRARY ARCHIVES Kerala Legislative Assembly

AYES—22.

1	Mr.	K. C. Chandi	12	Mr.	Srirenganatha Sastri
2	,,	A. S. Damodaran Asan	13	,,	R. Nilakanta Pillai
3	,,	A. Narayana Pillai	14	,,	Kayalam Paramesvaran Pillai
4	,,	M. N. Narayana Menon	15	,,	S. C. H. Robinson
5	,,	K. Kunjukrishna Pillai	16	Dr.	N. Kunjan Pillai
6	,,	C. P. Bhattatiri	17	Mr.	N. K. Padmanabha Pillai
7	,,	N. Raman Namputiripad	18	,,	B. Narayana Pillai
8	,,	C. N. Tuppan Namputiripad	19	,,	C. O. Madhavan
9	,,	K. George	20	,,	J. S. Westerdale
10	,,	R. Dhanukoti Pillai	21	,,	E. G. McAlpine
11	,,	A. Kumara Pillai	22	,,	N. Nilakanta Pillai

NOES—4.

1	Mr.	Rama Varma Raja	3	Mr.	M. Govindan
2	,,	K. P. Madhavan Pillai	4	,,	N. John Joseph

NEUTRALS—18.

1	Rao Bahadur	A. Venkatarama Aiyar	10	Mr.	Kochu Kora Tarakan
2	Mr.	Tariatu Kunjitomman	11	,,	P. S. Mahomed
3	,,	S. Krishna Pillai	12	,,	M. Mahomed Mustapha
4	,,	N. K. Krishna Pillai	13	,,	K. Padmanabha Panikkar
5	,,	K. Madhavan Pillai	14	,,	K. P. Nilakanta Pillai
6	,,	A. Thanu Pillai	15	,,	K. Narayanaperumal Nadar
7	,,	R. S. Subrahmanya Pillai	16	,,	K. Gopalakrishna Pillai
8	,,	E. V. Krishna Pillai	17	,,	K. P. Abraham
9	,,	K. Krishnan Nayar	18	,,	Joseph Kunju

The amendment was declared carried, 22 voting *for* the amendment, 4 *Against* and 18 remaining *netral*.

The question that the proposed Section 40 A as amended do form part of the Bill was put and carried.

The section was added to the Bill.

Proposed Section 40 B.

PRESIDENT: There is a consequential amendment.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഫകുപ്പനാല്പത്തെ ന്യൂ. യിൽപ്രത്തിയിട്ടുള്ള ഭേദഗതിയെ അടിസ്ഥാനപ്പെടുത്തി അതനുസരിച്ചുതാഴെപറയുന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): രണ്ടാമത്തെ ഭേദഗതിയും ഇപ്പോൾതന്നെ അവതരിപ്പിക്കാം.

I shall read the amendment, on behalf of Mr. Tuppan Namputiripad who does not know English.

In the proposed Section 40 B, after the word "*prepared*", insert the words "*for the whole State or*", and in the Explantion to that Section, in line 2, insert the words "*in respect of the whole State or*" after the word "register".

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAN NAMPUTIRIPAD (*Co-opted*): I second it.

The amendment was accepted.

The question that the proposed Section 40 B as amended do stand part of the Bill was then put and carried.

The Section was added to the Bill.

The question that the proposed Sections 40 C and 40 D do stand part of the Bill was then put and carried.

The proposed Sections were added to the Bill.

Proposed Section 40 E.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I shall read this amendment also for Mr. Tuppan Namputiripad.

Substitute the following for the proposed Section 40 E,

"When the preparation of the Register of Jenmikarams has been completed in the prescribed manner in respect of the whole State and such Register has received the approval of Our Government; Our Government shall publish in Our Government Gazette, and in such other manner if any as may be prescribed, a Notification notifying that, with effect from a specified date there-after, which shall not be earlier than two months from the date of the Notification they have under Section 40 A assumed the collection of jenmikarams in respect of the whole State."

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മി. കയ്യാലം പരമേശ്വരൻ പിള്ള ഇവിടെ ഇംഗ്ലീഷിൽ വായിച്ച ഭേദഗതിയെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

MR. N. RAMAN NAMPUTIRIPAD (*Co-opted*): I second it.

The amendment was carried *nem con.*

The question that the proposed Section 40 E as amended do stand part of the Bill was then put to vote and carried.

The proposed Section 40 E was added to the Bill.

Proposed Section 40 F.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I shall read this amendment also on behalf of Mr. Tuppan Namputiripad.

Substitute the following for Section 40 F (1):

"The jenmikarams in respect of lands covered by the Register of Jenmikarams referred to in the foregoing Section and accruing due from and after the date specified in the Notification published under that Section shall be paid to Our Government in such manner and at such times as may be prescribed and may in default of such payment be recovered under the provisions of the Revenue Recovery Regulation (Regulation I of 1068, as amended by Regulations III of 1087, VIII of 1094, X of 1097 and II of 1099) in the same manner as arrears of land revenue."

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇങ്ങനെ ഒരു ഭേദഗതി ഇവിടെ അവതരിപ്പിക്കാനുള്ള കാരണം ജന്മികരം.....

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇതിൽ തർക്കമൊന്നുമില്ല, സ്വീകരിച്ചുകൊള്ളാം. അതുകൊണ്ടുള്ള സംഗതിയെപ്പറ്റി ആവശ്യമില്ലല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAN NAMPUTIRIPAD (*Co-optd*): I second it.

The amendment was put and carried *nem con.*

The question that the proposed section 40 F, as amended, do stand part of the Bill was then put and carried.

The Section was added to the Bill.

The question that the proposed Sections 40 G to M do stand part of the Bill was then put and carried.

The Sections were added to the Bill.

Proposed Section 40 N.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, I beg to move the following amendment:

After the proposed Section 40 M in Clause XX insert the following as Section 40 N:—

"40 N. No jenmikaram shall be recoverable under the provisions of this Chapter by the sale of any land except the land on which the jenmikaram is a charge."

Sir, the Jenmies have always been getting only a very small fraction of the yield as jenmikaram; and now, very extraordinary remedies are being given to them to realise their dues. Government have agreed to collect the jenmies' dues. It is therefore only fair and just that, for the realisation of the Jenmies' *dues*, the Government proceed only against the property on which the jenmikaram is a charge. That is all I have to say in support of the amendment.

MR. K. P. NILAKANTA PILLAI (*Chirayinkil*): I second the amendment.

First of all, I may point out that the Jenmies need not be under any apprehension about the amendment. The Jenmies' only consideration is that the land on which the jenmikaram is a charge should be valuable enough for the realisation from it of the arrears due. The Jenmies must remember that there is the security of the kanom amount which is paid in advance by the Kudiyan. Secondly, there is the value of the improvement effected on the holding by the Kudiyan. Thirdly, under the provisions of the present Regulation, the Kudiyan can leave the land only under exceptional and extraordinary circumstances, so that the Jenmies can rest assured that the Kudiyan would not abandon the holding. There is therefore no reason why the Jenmies should be under any apprehension about the amendment. Suppose, Kudiyans are not prepared to pay arrears of michavaram within one year, the existing Regulation provides that the jenmies can, by application before the Revenue Court, realise the dues from the Kudiyans. Even if the Kanom.....

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That position does not arise. The amendment clearly says,

"That no jenmikaram *shall* be recoverable under the provisions of this Chapter by the sale of any land..... ....."

MR. K. P. NILAKANTA PILLAI (*Chirayinkil*): So, then, the provision is clear and the amendment of Mr. Asan is quite correct. In accepting this amendment, the Jenmies have no ground to fear. If the

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

kanom holding is not worth even one year's michavaram there is no use retaining that land, unless the kudiyan is driven to such a position. Jenmies cannot expect the kudiyan to give up all the advantages which he was enjoying on the kanom holding.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): We have passed Section 40 enabling the Government to collect the Jenmikaram from the kudiyan and pay it over to the jenmies. A Jenmi has not only *a* charge on the holding of the kudiyan, for the jenmikaram but it is a *first* charge on the holding, second only to the charge of Government on that. Now the Jenmies general complaint is that the jenmikaram forms only a small portion of the yield of the property. If that be so, these need be no fear that the small portion may not be realised at all from the holding especially when it is a first charge. Again jenmikaram is realised under this Chapter in accordance with the provisions under the Revenue Recovery Regulation. Uder that, arrears of tax are charged only on the properties whereon the tax in arrears is specifically fixed. On these two grounds, it is only proper, that the jenmikaram is recovered from the particular holding only, and not from any other property of the kudiyan concerned.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മി. ടാമോദരൻ ആശാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ഞാൻ എതിർക്കുന്നു. ജന്മിക്കരം കൊടുക്കാതിരുന്നാൽ ആ കരത്തിനു ഹേതുവായ വസ്തു മാത്രമേ വിൽക്കാൻ പാടുള്ളു എന്നാണു് ഈ ഭേദഗതിയുടെ തത്വം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇതു ഗവൺമെൻറു പിരിക്കാൻ തുടങ്ങിയതിനുശേഷമാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ഗവൺമെൻറുകരം ഈടാക്കുന്നതു കരംകൊടുക്കേണ്ട ആളിൽനിന്നും ഏതെല്ലാം തരത്തിൽ ഈടാക്കാൻ സാധിക്കുമോ ആ തരത്തിലെല്ലാം ഈടാക്കുന്നുണ്ടു്. ഏതെല്ലാം വിൽക്കാമോ അതൊക്കെ വിൽക്കുന്നുമുണ്ടു്. ജന്മിമാരെക്കാൾ കൂടുതൽ ശക്തിയും പ്രാബല്യവുമുള്ള ഗവൺമെൻറിനു കിട്ടേണ്ടസംഖ്യ ഇങ്ങനെ ഈടാക്കാമെങ്കിൽ ഈ പാവപ്പെട്ട ജന്മിമാരുടെകരം ഈടാക്കുന്നതിൽ ഈ തടസ്സം പുറയേണ്ട ആവശ്യമെന്താണു്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കരത്തിനു ഹേതുവായ വസ്തുവല്ലാതെ മറു വസ്തുക്കളും വിൽക്കാമെന്നുള്ള അധികാരം ഗവൺമെൻറിനു് എന്നുമുതലുക്കാണു കിട്ടിയതെന്നറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): എനിക്കറിഞ്ഞുകൂടാ. ആരംഭത്തിൽ ഗവൺമെൻറു ജംഗമസാമാനങ്ങളും മറു വസ്തുക്കളും വിറ്റുവരുന്നുണ്ടു് എന്നറിയാം. ഏതേപ്പാടാണെങ്കിലും പണം കിട്ടേണ്ട ആളിനു് അതീടാക്കേണ്ട സങ്കടമാർഗ്ഗങ്ങളും ഉണ്ടാക്കിയിട്ടുണ്ടു്. ഏ

LIBRARY ARCHIVES Kerala Legislative Assembly

ന്നാൽ ജന്മിക്കരത്തിനാകട്ടെ അതൊന്നുമില്ല. ജന്മിക്കരം ഈടാക്കുന്നതിനു ഹേതുവായ വസ്തുവിൽനിന്നും സാധിക്കാതെ വന്നാൽ ആ വസ്തു പോയിക്കൊള്ളട്ടെ എന്നാണു വിചാരിക്കുന്നതു്. ജന്മി നഷ്ടംസഹിക്കയും വേണം. എന്നാൽ ധാരാളം ആദായമുള്ള വസ്തുക്കളിൽനിന്നും കൂടുതൽ ഈടാക്കാമൊ; അതു പാടില്ലതാനും. ജന്മിക്കു് ഈടാകേണ്ട പണത്തിനു് ഏതു വസ്തുവിൽ നടപടി നടത്തിയാലും കുടിയാനു് ഒരു നഷ്ടവും വരാനില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*) : അതായതു വസ്തുവിന്റെ ആദായം നോക്കിയല്ലെ പാട്ടം നിശ്ചയിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അങ്ങനെയാണെന്നു ഞാൻ ഇപ്പോൾ പറയുന്നില്ല. പാട്ടം കൊടുത്തില്ലെങ്കിൽ ആ വസ്തു വിറ്റു കൊള്ളണമെന്നാണു വ്യവസ്ഥ. എന്നാൽ പാട്ടം എന്നതിനു കീഴ്ക്കട എടുത്ത ആദായത്തിനാണു്. അതിലേക്കു് ആ വസ്തുവിന്മേൽ തന്നെ പോയിക്കൊള്ളണമെന്നു പറയുന്നതു ശരിയല്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : റവന്യു റക്കവറി റഗുലേഷൻ അനുസരിച്ചു് ഈടാക്കുമ്പോൾ ഒരു കൊല്ലത്തിലധികം കുടിശ്ശിക വരാറുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : കുടിശ്ശിക ഇതിലും അതുയെ വരികയുള്ളു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ജന്മിക്കരത്തിനു ഹേതുവായ വസ്തു ജന്മിക്കുതന്നെ ലേലത്തിൽ പിടിക്കരുതൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ജന്മിക്കു് ഈടാകേണ്ടതുകയ്ക്കുകുത്ത ജന്മിക്കു സൗകര്യമുണ്ടെങ്കിൽ ലേലത്തിൽ പിടിക്കാം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഒരു കൊല്ലത്തെ ജന്മിക്കരം പോലും ഈടാക്കാൻ നിവൃത്തിയില്ലാത്ത കാണവസ്തുക്കളുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : അങ്ങനെയാണെങ്കിൽ ഈ വകുപ്പിരിക്കുന്നതുകൊണ്ടുള്ള ദോഷമെന്താണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ജന്മിക്കു മറ്റു വസ്തുക്കളിൽ നിന്നും കരം ഈടാക്കാമെന്നു വച്ചുകഴിഞ്ഞാലുള്ള ദോഷമെന്താണു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

അതിനാൽ മറ്റു വസ്തുക്കളിൽനിന്നുംകൂടി കരം ഈടാക്കാമെന്ന വ്യവസ്ഥയിരിക്കുന്നതു നിശ്ചിത സമയത്തു തന്നെ കരം ഈടാക്കുന്നതിന് ഏതുപ്പമായിരിക്കും.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : അതെങ്ങനെയാണെന്ന മെമ്പർ ഒന്നു വിശദീകരിക്കണം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : കരം കൊടുത്തില്ലെങ്കിൽ കരത്തിനു വേറെവായ് സ്വത്തിനും പുറമേ മറ്റുസ്വത്തുക്കളും പോയേക്കുമെന്നുള്ള ഭയംകൊണ്ടു നിശ്ചിത സമയത്തുതന്നെ കരം കൊണ്ടുകൊടുക്കും.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : അങ്ങനെ കുടിയാനവൻ കരം കൊടുക്കാതെയിരിക്കുന്നതു കരത്തിനുള്ള ആദായം പോരാഞ്ഞിട്ടാണോ അതിൽനിന്നും കിട്ടാത്തതുകൊണ്ടല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : സർക്കാർ കരം ഈടായില്ലെങ്കിൽ ആ കരത്തിനുവേണ്ടി ജംഗമങ്ങളെ വിറ്റും ഈടാക്കുന്നുണ്ടെന്നുള്ള സംഗതി സകലർക്കും അറിയാം. അതിൽ നിന്നും ഒരു വ്യത്യസ്തം ജന്മികരത്തെ സംബന്ധിച്ചു വയ്ക്കുണ്ട ആവശ്യമെന്താണ്?

MR. K. C. CHANDI (*Minachil* cum *Devicolam*) : ഈ ഭേദഗതി പാസായാലും ജംഗമങ്ങളും വിൽക്കുന്നതിനു തടസ്സമില്ലെന്നു മെമ്പർക്കറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അറിയാം.

MR. K. C. CHANDI (*Minachil* cum *Devicolam*) : ഈ ഭേദഗതിയിൽ വസ്തു വിൽപനയെ സംബന്ധിച്ചു മാത്രമെ പറയുന്നുള്ളു എന്നു മനസ്സിലായിട്ടുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഉണ്ട്.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : ആ വസ്തു തിരിച്ചുകിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുന്നില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : വസ്തു തിരിച്ചു കിട്ടിയേക്കും.

MR. JOSEPH KUNJU (*Changanachery* cum *Peermade*): വസ്തുവിന്റെ കാണം ജന്മിയുടെ കയ്യിൽ ഉണ്ട്. അതിനും പുറമെ വസ്തുവും തിരിച്ചു കിട്ടുകയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : വസ്തു തിരിച്ചു കിട്ടണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ ഭേദഗതികൊണ്ടു ജന്മിക്കുള്ള ദോഷമെന്താണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഇതു കൊണ്ടു കുടിയാനുള്ള രക്ഷയെന്താണു്?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതു കുടിയാൻ മെമ്പർ മാരോടു ചോദിച്ചു മനസ്സിലാക്കാം. ജന്മിമാക്കു ഇതുകൊണ്ടുള്ള ദോഷം മാത്രം പറഞ്ഞാൽമതി.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഈ വകുപ്പില്ലാതിരുന്നാൽ ജന്മിക്കരം കൊടുക്കുന്നതിൽ കൂടുതൽ ശ്രദ്ധാന്തി ഉണ്ടായിരിക്കുമെന്നുള്ളതാണു ജന്മിമാക്കുള്ള രക്ഷ. ജന്മിക്കരം കുടിയാന്റെ എല്ലാ ജംഗമസ്ഥാവരവസ്തുക്കളിൽ നിന്നും ഈടാക്കാമെന്നു വയ്ക്കുന്നതുകൊണ്ടു കുടിയാനു യാതൊരു ദോഷവുമുള്ളതായിട്ടു വിചാരിക്കുന്നില്ല. നേരെ മറിച്ചു ജന്മിക്കു ഗുണമുണ്ടു്. അതായതു കൊടുക്കേണ്ട ആളിനു കൊടുക്കുന്നതിൽ കൂടുതൽ ജാഗ്രതയുണ്ടാകും.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇങ്ങനെ ഒരു വകുപ്പു പാസായാൽ ജന്മിക്കു് ഇന്ന ദോഷം വരുമെന്നു് ഉദാഹരണമായി പറയാൻ സാധിക്കുമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ദോഷം വരുമെന്നുള്ള ഭയം തന്നെയാണു് ഇതിൽ പ്രധാനമായുള്ളതു്. ചില വസ്തുക്കൾ വിറ്റാൽ അതിന്റെ കരം ഈടായില്ല എന്നുവരാം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അങ്ങനെ ഈടാകാതെ വരുന്നതിനുള്ള കാരണമെന്താണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : പതിനായിരം രൂപായുടെ വസ്തു ലേലം ചെയ്യുമ്പോൾ ആയിരം രൂപായ്ക്കു പോകാറുണ്ടു്. എന്നാൽ അതു വസ്തുവിന്റെ വിലക്കുറവുകൊണ്ടല്ല; തല്ക്കാലം ലേലത്തിൽ പിടിക്കാനുള്ള സൌകര്യക്കുറവുകൊണ്ടാണു മുതുങ്ങിയവിലയ്ക്കു പോകുന്നതു്. അതുപോലെ സംഭവിച്ചു എന്നുവരാം.

MR. K. P. NILAKANTA PLLAI (*Chirayinkil*) : ജന്മിമാക്കുതന്നെ അതു ലേലത്തിൽ പിടിക്കരുതൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അവക്കു് ഈടാകേണ്ട പണത്തിനുംപ്പെട്ടു പിടിക്കാം. എന്നാൽ ജന്മിമാക്കു് അതിന്റെ ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

ഇന്ന ഒരു വസ്തുവിനു ക്ര ഠ ഠ രൂപാ ജന്മിക്കരവും അഞ്ചു രൂപാ സർക്കാർ കരവുമുണ്ടന്നു വിചാരിക്ക. വസ്തു അയ്യിരം രൂപാ വിലയുള്ള തുമാണു്. അതു ലേലത്തിൽ വിൽക്കുമ്പോൾ കരം കൊടുക്കാൻ ബാദ്ധ്യ തപ്പെട്ടിരിക്കുന്ന ആളിന്റെ അനുജൻ അൻപതു രൂപായ്ക്കു ലേലത്തിൽ പിടിക്കും. കുടിയാനു ഇതിൽ നഷ്ടമില്ല. പേരു് ഒന്നുമാറി എന്നു മാത്രമേയുള്ളു. ഇതിൽ ജന്മിക്കു കിട്ടുന്നതെന്താണു?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതു കൊണ്ടു് അടുത്തകൊല്ലത്തിൽ വരുന്ന ജന്മിക്കരത്തിനുള്ള അവകാശം നശിക്കയില്ലല്ലൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇങ്ങനെ എല്ലാകൊല്ലത്തിലും ലേലം മാത്രമെ നടക്കുകയുള്ളു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) അതു ജന്മിക്കുതന്നെ പിടിക്കാമല്ലൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കു പിടിക്കാൻ സാധിക്കും. എന്നാൽ ആ സന്ദർഭത്തിൽ ജന്മി അവിടെ ഉണ്ടായിരിക്കുമൊ എന്നു പറയുവാൻ തരമില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*): ജന്മിക്കു സ്വന്ത വസ്തുക്കളില്ല; അതു കിട്ടാൻ മാർഗ്ഗവുമില്ല. ഈ വകുപ്പു നന്നായിച്ചു സ്വന്ത വസ്തുക്കളും ഉണ്ടാക്കാൻ സാധിക്കുകയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഞങ്ങൾക്കു വസ്തു കിട്ടണമെന്നുള്ള ആഗ്രഹമില്ല. കരം മാത്രം കിട്ടിയാൽമതി.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): പിശകായ ലേലനടപടികൾക്കു പരിഹാരം റവന്യൂ റക്കവറി റൂളുലേഷനിൽ ഉണ്ടല്ലൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നിയമത്തിലൊക്കെ ഉണ്ടു്. ഇപ്പോൾ ഇതുകൊണ്ടു കുടിയാനു് യാതൊരു സങ്കടത്തിനും നഷ്ടത്തിനും അവകാശമില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*): കുടിയാനു നഷ്ടമില്ലെങ്കിൽ ലാഭമുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ലാഭവുമില്ല.

MR. K. GOPALAKRISHNA PILLAI (*Parur*) റവന്യൂ റക്കവറി റൂളുലേഷൻ പ്രകാരം ജംഗമം ജപ്തി ചെയ്യാമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ചെയ്യാം.

MR. K. GOPALAKRISHNA PILLAI (*Parur*) : അതു കൊണ്ടു കുടിയാന് സങ്കടമില്ലെ?

MR. C. N. TUPPAN NAMUTIRIPAD (*Jenmies*): സർക്കാർ കരത്തിനു വേണ്ടി അങ്ങനെ ജപ്തി ചെയ്യാൽ സങ്കടമില്ലാതിരിക്കുമ്പോൾ ജന്മിക്കരത്തിനുവേണ്ടി ജപ്തി ചെയ്യുമ്പോൾ മാത്രം എന്തിനാണു സങ്കടം ഉണ്ടാകുന്നതു്?

MR. K. GOPALAKRISHNA PILLAI (*Parur*) : സർക്കാർ കരത്തിനുവേണ്ടി ജപ്തി ചെയ്യുന്നതിലും സങ്കടമുണ്ടെന്നു പറയാറില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : എന്നാൽ അതിൽ തന്നെ ഭേദഗതി ചെയ്യേണ്ടതായിരുന്നു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : സർക്കാർ കരത്തെ സംബന്ധിച്ചിടത്തോളം ഈ കൌൺസിലിൽ കൊണ്ടുവന്ന തീരുമാനം ചെയ്യാറുണ്ടു്. അതുപോലെ ഇതും ഇവിടെ കൊണ്ടുവന്നു തീരുമാനിക്കാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അതു് ജന്മിയുടെ കൌൺസിലിൽ കൊണ്ടുവന്നു തീരുമാനിക്കാം.

MR. K. GOPALAKRISHNA PILLAI (*Parur*) : ജന്മിയുടെ കൌൺസിൽ സ്റ്റേറ്റു് കൌൺസിലാണോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അല്ല. ജന്മിയുടെ സ്വന്തം കൌൺസിലാണു.

MR. M. GOVINDAN (*Nominated*) : എല്ലാ കുടിയാന്മാർക്കും അവിടെ പ്രവേശനം കൊടുക്കുമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : നിശ്ചയമായും കൊടുക്കാം.

ഇതുയും പ്രസ്താവിച്ചുകൊണ്ടു മി. ദാമോദരൻ ആശാൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഞാൻ എതിർത്തുകൊള്ളുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, I shall explain the implications of the amendment as I have understood it. First of all the application of this amendment will arise only when a land is taken over by Government for the collection of jenmikaram. When it is taken over, it is not likely that there will be any arrears. So, year after year, the amount will be recovered when

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Parameswaran Pillai.]

it is a charge. And whether any other land will have to be sold for recovery will not arise in actual fact. The substantial effect however of the amendment, if carried, is this. Whether it is to the advantage or disadvantage of the Jenmies or the Kudiyans can be decided by the House. Suppose there is a piece of land of ten acres on which Rs. 100 is charged. If the whole of the 10 acres of land is washed away by sea, the kudiyan will still have to pay the dues. But it cannot be recovered by sale of land because the land is not available. It is only in such cases that the question will arise. Ordinarily the question will not arise at all.

MR. N. RAMAN NAMPUTIRIPAD (*Co-opted*): ജന്മവസ്തു മനപ്പൂർവം കുടിയാനെ നശിപ്പിക്കുമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങനെ നശിപ്പിച്ചാലും ജന്മിക്കുരം ഈടാക്കാതിരിക്കത്തക്ക വിധത്തിൽ നശിപ്പിക്കാൻപാടില്ല.

MR. N. RAMAN NAMPUTIRIPAD (*Co-opted*): മണ്ണെടുക്കുന്നതിനായി വല്ലകമ്പനിക്കും വസ്തുതീറെഴുതി കൊടുത്തു എന്നുവരാം. സ്വാഭാവികമായ കാരണങ്ങൾകൊണ്ടു വസ്തു നാശംവന്നാൽ അതിലേക്കുള്ള കുരം ബാക്കിയുള്ള വസ്തുക്കളെ ബാധിക്കുന്നതല്ല എന്നു ചേർക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

MR. KAYALAM PARAMESVARN PILLAI (*Additional Head Sirkar Vakil*): വിരോധമില്ല.

If it is the Jenmi's contention that a land can be so used by the Kudiyan that the result will be that the land will not be sufficient for the recovery of the money, then there is a point in the opposition by the Jenmies. I understand that position.

MR. K. P. NILAKANTA PILLAI (*Chirayinkil*): പണ്ടാരപ്പാട്ടം ഭൂമി ഇങ്ങനെ മണ്ണെടുക്കുന്നതിനായി കൊടുത്താൽ ഉടമസ്ഥന്റെ മറ്റുവസ്തുക്കളിൽ നിന്നും കുരം ഈടാക്കാമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I think, Sir, that the presumption is that in whatever way the land is used the Sirkar tax will be recovered out of the land.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): But not in the case of any other land.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): It can be recovered from other lands also. But, of course, it will be seen that, if a land is totally washed away, the Government will have to write off the tax. There is also *niruthal* or abandonment of the land. In such cases also, it may have to be written off. But that does not arise here. If what Mr. Tuppan Namputiripad says is true, then this amendment is against the interests of the Jenmies. As it stands, Sir, I oppose the amendment. I agree with Mr. Tuppan Namputiripad.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): If that be so, could not the Jenmi obtain an injunction against the Kudiyan for committing this damage in order to deprive the Jenmi of the jenmikaram ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That may be available.

MR. N. RAMAN NAMPUTIRIPAD (*Co-opted*): Have not the earlier provisions taken away the right of the Jenmi ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): What Mr. Asan suggests is that, if the Kudiyan, with a view to see that the Jenmi does not recover jenmikaram, commits waste on the property, then, may not a suit lie against him. That may lie.

ജന്മിക്കരത്തിനു പാജ്ജായിരിക്കുന്ന ഭൂമി മനപ്പൂർവമായി നശിപ്പിക്കാൻ പാടില്ല : സ്വാഭാവികമായി നാശം വന്നാൽ ജന്മിക്കരം പോയിക്കൊള്ളട്ടെ എന്നാണ് മി. രാമൻ നമ്പൂരിപ്പാട പറയുന്നതു്. അതും ഇവിടെ ആലോചിക്കേണ്ട ഒരു വിഷയമാണ്.

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): Even if the land is so washed away, can the jenmivaram be reduced or interfered with according to the provisions already passed ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): No, it cannot be.

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): So, the damage on account of natural causes can be rectified only at the time of revision ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Perhaps, not even then.

MR. S. KRISHNA PILLAI (*Karunagapalli*) Was the michavaram a *first* charge under the old Regulation or was it only one of the charges?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): It was the second charge, next only to the Government tax, under the old Regulation.

MR. S. KRISHNA PILLAI (*Karunagapalli*): I want to know what will be the effect of a revenue sale so far as encumbrances are concerned. So far as the encumbrances created by the tenant upon this land are concerned, how will they be affected by a revenue sale ? Will they not be extinguished ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes, all those will be extinguished.

MR. S. KRISHNA PILLAI (*Karunagapalli*): Is not the Jenmi now in a better position than under the previous Regulation ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Under the previous Regulation they had to be made parties to the suit.

MR. S. KRISHNA PILLAI (*Karunagapalli*): So, does not the Jenmi now get full rights over the properties without being put to any sort of trouble ?

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes.

MR. S. KRISHNA PILLAI (*Karunagapalli*): Are not the subsequent encumbrances defeated by the sale under the Revenue Recovery Regulation?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): So also by the court sale.

MR S. KRISHNA PILLAI (*Karunagapalli*): Here, does not the Jenmi save a lot of time, labour and money by coming under this Regulation?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): He does. But there is no fundamental difference between the present condition and the old condition. The difference is that under the old condition if there were subsequent encumbrancers they were made parties to the suit and the purchaser had a right to michavaram over the property.

MR. S. KRISHNA PILLAI (*Karunagapalli*): Was it not open to the purchaser to establish that that was a collusive claim?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): He may say that it is a collusive suit.

MR. S. KRISHNA PILLAI (*Karunagapalli*): Now, has not that right been taken away from the subsequent encumbrancer?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): If you say that the revenue sale is a fraudulent sale, probably a suit will lie.

MR. S. KRISHNA PILLAI (*Karunagapalli*): My question is, has not the jenmom property now been made fully liable for the Jenmi's claim?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Yes, as it was till now.

MR. S. KRISHNA PILLAI (*Karunagapalli*): Has no innovation been made on the liability of the land? Is not the land now in a better position in the court so far as the right of jenmi to enforce it is concerned?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That is a matter of opinion. Michavaram is a first charge under the existing Regulation and will continue to be a first charge next only to the Government tax.

MR. M. GOVINDAN (*Nominated*): Sir, I may be permitted to make a small amendment. The necessity for that has been disclosed during this discussion. In Mr. Asan's amendment, instead of the word "land" substitute the word "property." The word "land" will not mean that other movable property can be attached.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): What is the necessity for it?

MR. M. GOVINDAN (*Nominated*): All movable property may be attached.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): I am agreeable to that amendment if the Chair gives him permission to move it.

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : What is the movable type of land ?

MR. M. GOVINDAN (*Nominated*) . If the member will only read the amendment he will find that movables are attachable if the amendment is passed as it is.

MR. A. THANU PILLAI (*Trivandrum*) : We were not able to hear Mr. Govindan. What is it that he wants ?

MR. M. GOVINDAN (*Nominated*) : If the amendment is passed as it is moved by Mr. Asan the movable property of the tenant may also be proceeded against. The intention of the mover of the amendment is that no other property should be attached. And, therefore, I propose to carry out his intention better by substituting the word "property" for the word "land" in his amendment.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I think his amendment will convey the meaning better than mine.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : A new principle is involved in the amendment. Under Mr. Asan's amendment such land alone will come in as on which there is a charge. If the Jenmi members are agreeable to Mr. Govindan's amendment being discussed, that may be discussed. If they are not agreeable notice has to be given.

PRESIDENT : We will now adjourn until a quarter to three.

The House adjourned for lunch at 2·5 P. M. and re-assembled at 3 P. M., the Deputy President presiding.

MR. N. RAMAN NAMPUTIRIPAD (*Co-opted*) : Sir, with regard to Mr Govindan's amendment, I rise to a point of order.

DEPUTY PRESIDENT : Have you anything to say by way of explanation, Mr. Govindan ? As Mr. Kayalam Paramesvaran Pillai pointed out, it involves a different principle altogether. That is, it was on the basis that the land alone was affected that Mr. Asan's amendment proceeded. Now you want to include movable properties also. That should be taking the Jenmi members to surprise. The Law Member has pointed out the probability of an objection by the Jenmi members. I shall give my ruling after hearing you.

MR. K. KUNJUKRISHNA PILLAI (*Quilon*) : I want to know under which standing order the point of order is raised ?

DEPUTY PRESIDENT : There is a prayer for suspending the ruling. A difficulty is pointed out and I am asking the mover of the amendment to explain his position.

MR. M. GOVINDAN (*Nominated*) : I beg to state that the amendment standing against the name of Mr. Asan is :

"No jenmikaram shall be recoverable under the provision of this chapter by the sale of any land except the land on which the jenmikaram is a charge."

It was understood by Mr. Asan himself that by referring to land he meant property and that movable property could be proceeded against. I understood him to say that his amendment was confined to property

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Govindan.]

and not to land alone and the whole discussion proceeded on that basis. I stood up only to make a probable alteration to effectuate the intention of the mover himself and he was prepared to accept it and I thought this House also was willing to accept my amendment on the assumption that it was nothing new. But I concede that "property" is a wider term than "land." But it was understood, as I said before, that Mr. Asan thought that no other property should be proceeded against except the land on which there was a charge. Under these circumstances I submit that my amendment may be allowed.

MR. K. KUNJUKRISHNA PILLAI (*Quilon*): May I know whether when the Jenmi member opposed it he also argued on this point and opposed the amendment?

DEPUTY PRESIDENT: I do not know whether you have a right to put him questions because he was saying all by way of explanation of his position. I do not think you are entitled to put him questions.

MR. K. KUNJUKRISHNA PILLAI (*Quilon*): I can put questions at any time.

DEPUTY PRESIDENT: But it must be only with the permission of the Chair.

MR. M. GOVINDAN (*Nominated*): Mr. Asan has already stated to the House that he is agreeable to accept the amendment.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I also wish to make a statement. My Jenmi friend has raised a point of order that the amendment is out of order. Here, my friend does not contend that the amendment is out of order because paragraph 59 of the Legislative Council Manual says that such amendments cannot be accepted.

DEPUTY PRESIDENT: His contention is merely that he has no properly placed the amendment before the Council. I consider the fact is like that.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): All that Mr. Govindan asks is for permission of the Chair to move the amendment.

DEPUTY PRESIDENT: That permission has not been granted. It rests with the Chair.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Then there is nothing out of order.

DEPUTY PRESIDENT: So far as this matter is concerned, if it is purely a verbal amendment, and if the sense of the House is the same, the arguments may be proceeded with. But it has been considered that the expression "land" could not be comprehensive enough to include all properties. As the Jenmi members would not be affected by the revised amendment of Mr. Govindan being proposed, the discussion may proceed.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*): Sir, this amendment proposed by Mr. Asan is an amendment consequent upon some of the Sections proposed in this Regulation itself. It has been accepted as a principle governing this Bill that the jenmivaram or jenmikaram shall be the first charge on the land. Before this Regulation comes into force, as it stands now, under the old Regulation, several items of properties would be comprised in one and the same kanapattom document and all michavaram or jenmivaram dues and other dues due to the Jenmi would be a charge on all the holdings under the old Regulation. Under this enactment each item of property shall be subject to a charge for every separate jenmivaram due and it has been stated that where more than two items of property are comprised in the same document, jenmivaram on each of the items shall be charged on the property in the same proportion in which jenmipattom shall be chargeable on that property so much so that under this Regulation various items of properties which may be comprised under one and the same document are now supplanted by each item of property which shall be proportionately chargeable with the jenmivaram thereon. If this is the principle that is enunciated or acceptable under this Bill, hereafter one item of property which bore the jenmivaram shall be charged for that alone and under the Bill it is also stated that that shall be the first charge. Now the direct legal consequence of a statement that a charge on a land shall be the first charge on that land is the same under the Revenue Recovery Regulation under which this tax or jenmivaram is sought to be enforced. It has been expressly stated and also accepted that it shall be a charge only on the land on which it is made a charge. The legal consequence of that statement i that under the Revenue Recovery Regulation, lands of a defaulter i only the land on which it is a charge but other properties of a defaulter can also be proceeded against under this Regulation. But it is stated that when sales are conducted under the Revenue Recovery Regulation for those charges for which they are conducted or a charge on the land which is brought to sale, all prior encumbrances brought into existence on the property before the date of sale are thereby extinguished. But the rule which has been accepted in various decisions of our High Court relates only to the land on which it is a charge. Here Mr. Asan wants to introduce an amendment so far as the recovery of the jenmivaram due on a particular piece of land under the Regulation is concerned. He wants that that land alone shall be liable for that amount and my own submission is that the amendment is only quite reasonable because if another land is sought to be sold under the Revenue Recovery Regulation it is likely to be contended that these lands sold for the debt will have to be sold, free of all encumbrances. That is why it appears that Mr. Tuppan Namputhiripad stated that it will be an argument prejudicial to the interests of the Jenmies. We also find from the learned Law Member's observation that it is likely to affect the interests of the Jenmies to some extent. But my submission is that it is not at all going to affect the Jenmi's interest because the jenmikaram will have to be a charge separately on each piece of land and

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai.]

it will be a first charge on that piece of land alone, and for the realisation of jenmivaram a particular item of property is sought to be sold under the Revenue Recovery Regulation. It is only in respect of that land that the Sirkar or the Jenmi will be entitled to sell the land free of all encumbrances or will be entitled to treat the land as having been sold free of all encumbrance. That is very clear under the Revenue Recovery Regulation.

At the time when Section 2 of that Regulation was discussed the expression "*on such land*" was sought to be introduced in that Section. The object of that innovation was clear, *viz.*, that the land on which the revenue was due shall be sold free of all encumbrances, and not any other land. Now, if that is the principle of the provision I do not understand why the Jenmi members should object to the present amendment. As Mr. Govindan's amendment has been disallowed, I think the present amendment of Mr. Asan should form part of the Bill for the reasons I have already submitted. If the land on which tax is due is the only land which can be sold free of all encumbrances, that is, the land on which the tax is the first charge, I submit that it is the only land that can be sold for the dues. Since Mr. Govindan's amendment with regard to the saving of the movables of the defaulter, has been thrown out, and since even movables can be proceeded against for arrears of dues, it is very necessary that this amendment of Mr. Asan is accepted. After all, it only seeks to remove certain confusions which otherwise are likely to arise. I therefore support the amendment.

MR. N. RAMAN NAMPUTIRIPAD (*Co-opted*): കറച്ചുമുമ്പ് ഇവിടെ പാസാക്കിയ ര ഠ -ാം വകുപ്പിൽ ജന്മിക്കരംപിരിയാതെവന്നാൽ ഏതു് അധികാരത്തിൻപേരിൽ ഗവണ്മെൻറു് അതു് നടത്താമെന്ന തീരുമാനം വല്ലോ അതിനവിപരീതമായിട്ടുള്ള ഒരു രീതിയിലേക്കു പോകുന്നതെന്ന ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു് ആർഡറിലാണോ എന്നൊരു വ്യക്തീകരണം ഞാൻആവശ്യപ്പെടുന്നു. ആശാന്റെ ഭേദഗതി ര ഠ. എഫ് വകുപ്പിനെപ്പറ്റി വ്യക്തീകരണം വേണമെന്നു് ഞാൻആവശ്യപ്പെടുന്നു. സ്റ്റാൻറിംഗ് ആർഡർ ൫൪ ക്ലാസ് ൫.

DEPUTY PRESIDENT: സ്റ്റാൻറിംഗ് ആർഡർപ്രകാരം സ്വീകരിക്കുവാൻപാടില്ല എന്നാണോ പറയുന്നതു്?

MR. N. RAMAN NAMPUTIRIPAD (*Co-opted*): അതെ.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): A point of order has been raised, Sir, and the Chair has to give a ruling on it.

DEPUTY PRESIDENT: It ought to have been raised at the time the amendment was moved and admitted.

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJUKRISHNA PILLAI (*Quilon*): Sir, a point of order can be raised at any time.

DEPUTY PRESIDENT: The amendment is already before the House.

MR. K. KUNJUKRISHNA PILLAI (*Quilon*): The Rule is that a point of order can be raised at any time.

DEPUTY PRESIDENT: Not in the case of amendments. Now, the amendment has been discussed. It is only during the course of the discussion that Mr. Raman Namputiripad states, as an additional argument that the amendment is against the Standing Orders. That is one of the grounds urged by him against the amendment. That is all.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I have only a few words to submit in reply to the arguments advanced by Mr. Tuppan Namputiripad and the Law Member.

Sir, as Mr. S. Krishna Pillai pointed out, all that I seek by this amendment is to restrict the powers of the revenue authorities. They should not proceed against any land other than the one on which the tax is a charge. That is all that is sought to be done. Mr. Tuppan Namputiripad seems to think that, because Government have got wider powers to realise their dues, the Jenmies also should have the same powers. As I pointed out at the outset, the Jenmi members have repeatedly been complaining that the Kudiyans were enjoying the kanom properties for a song and that the Jenmies were getting only a small fraction of the yield from the properties. According to my amendment, when Government proceed to realise the Jenmies' dues they can proceed only against the land on which the dues are charged and not against any other property. Jenmikaram cannot be in arrears for more than one year.' Certainly, it can never be argued that any kanom land would not fetch when sold even one year's jenmikaram. This one argument is enough to get this amendment passed.

Even with regard to Government, the right to proceed against any property owned by the defaulter was definitely given to Government only by a recent amendment of the Revenue Recovery Regulation, and the non-official side stoutly opposed it when it was being considered by this House.

Sir, we are not adopting any inconsistent attitude now. We are taking an attitude quite consistent with our attitude at the time the corresponding provision in the Revenue Recovery Regulation was considered by us. Further, there is absolutely no reason why private persons must get as much right as the Government get in such matters.

DEPUTY PRESIDENT: Mr. Asan, have you anything to say with reference to the objection raised by Mr. Raman Namputiripad against your amendment?

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The point of order?

DEPUTY PRESIDENT: I do not consider it as a point of order, I view it as an argument against the amendment.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, I have only to submit, with regard to that, that we are not now considering clause XX. These are all parts of the same clause. That clause has not yet been passed. That is my first point.

Secondly, the amendment is not inconsistent with any of the provisions that have already been passed. All that is attempted is to restrict, to some extent, the application of the provision contained in Section 40 F. I do not think that it is in any way inconsistent with the provisions already passed by this House.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I have only to say, in addition to what I have already stated, that the matter does not appear to be of much practical consequence.

DEPUTY PRESIDENT: The amendment before the House is to insert the following as Section 40 N:

"No jenmikaram shall be recoverable under the provisions of this Chapter by the sale of any land except the land on which the jenmikaram is a charge."

The amendment was put to vote and carried.

MR. K. KUNJUKRISHNA PILLAI (*Quilon*): I demand a poll.

A poll was taken and the House divided as follows:

AYES—28.

1	Mr. Joseph Kunju	15	Mr. M. N. Narayana Menon
2	,, N. John Joseph.	16	,, P. S. Mahomed
3	,, K. P. Abraham	17	,, M. Mahomed Mustapha.
4	,, K. C. Chandi	18	,, K. Narayanaperumal Nadar
5	,, M. Govindan	19	,, K. P. Nilakanta Pillai
6	,, K. Gopalakrishna Pillai	20	,, K. Padmanabha Panikkar
7	,, S. Chattanatha Karayalar	21	,, N. K. Krishna Pillai
8	,, A. S. Damodaran Asan	22	,, M. P. Madhavan Pillai
9	,, K. C. Karunakaran	23	,, K. P. Madhavan Pillai
10	,, K. I. Kocheepan Mappillai	24	,, K. Madhavan Pillai
11	,, K. P. Kochukora Tarakan	25	,, S. Krishna Pillai
12	,, K. Krishnan Nayar	26	,, K. Kunjukrishna Pillai
13	,, E. V. Krishna Pillai	27	,, A. Thanu Pillai
14	,, A. Narayana Pillai	28	,, R. S. Subramanya Pillai

LIBRARY ARCHIVES Kerala Legislative Assembly

NOES—17.

1	Mr.	C. P. Bhattatiri	9	Mr.	Kayalam Paramesvaran Pillai
2	,,	N. Raman Namputiripad	10	Rao Sahib	Dr. N. Kunjan Pillai
3	,,	Rama Varma Raja	11	Mr.	S. C. H. Robinson
4	,,	C. N. Tuppan Namputiripad	12	,,	R. Dhanukoti Pillai
5	,,	K. George.	13	,,	N. K. Padmanabha Pillai
6	,,	A. Kumara Pillai.	14	,,	B. Narayana Pillai
7	,,	C. N. Srirenganatha Sastri	15	,,	N. Nilakanta Pillai
8	,,	R. Nilakanta Pillai	16	,,	J. S. Westerdale
			17	,,	E. G. McAlpine

NEUTRALS—Nil.

The amendment was declared carried 28 voting *for* the amendment, 17 *against* and none remaining *neutral*.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഇടയ്ക്ക് എനിക്ക ഒരു അമൻറുമെൻറ് ഉണ്ടായിരുന്നു; അതു ഞാൻഅവതരിപ്പിച്ചില്ല. ഇപ്പോൾ ഞാൻ അതിനെ അവതരിപ്പിക്കുന്നു. ര ൦ . ഇ. ൨ .

ജന്മിക്കരമോ സർക്കാർകരമോ ഈടാക്കുന്നതിന് ഏതെങ്കിലും ജന്മ വസ്തുവിനെ ലേലത്തിൽ വില്ക്കുമ്പോൾ ജന്മിക്ക നോട്ടീസ് കൊടുക്കേണ്ട തും ജന്മിക്കരത്തിനുള്ള തുകയേക്കാൾകൂടുതലായി ലേലംവിളികേൾക്കാൻ ആരും ഇല്ലാതിരുന്നാൽ ജന്മിഹാജരുണ്ടായിരുന്നാലും ഇല്ലെങ്കിലും ജന്മി യുടെപേർക്ക് സ്ഥിരപ്പെടുത്തികൊടുക്കണമെന്ന് ഉള്ള ഭേദഗതിയെ ഇവി ടെഅവതരിപ്പിച്ചുകൊള്ളുന്നു. ഈ ഭേദഗതിയെ ഇവിടെ അവതരി പ്പിക്കാനുള്ള പ്രധാനകാരണം ഇതാണ്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : The amendment that Mr. Tuppan Namputiripad is next going to move is amendment No. 40 (E) (2) at page 2 of the Amendment paper. 40 A, B, C, D, and E (1), he is not moving as they are covered by the Sections already passed. He now wants to insert the provision, printed as 40 E (2) in page 9 of the Amendment paper, as 40 O. The provision is

> "40 (O). When jenmom land is auctioned for arrears of tax due to the Government or for arrears of the jenmikaram auction notice shall be served on the Jenmi as well and when the bid amount does not exceed the arrears, the auction shall be confirmed in the name of the Jenmi for that amount, whether he is present or not."

MR. C. N. TUPPAN NAMPUTIRIPAD (*Jenmi s*): ജന്മിക്കരത്തിനുവേണ്ടി വസ്തു ലേലംചെയ്യാൻ നിശ്ചയിക്കുമ്പോൾ സാധാരണ നോട്ടീസ് കൊടുക്കുന്ന പതിവുണ്ടെങ്കിലും ജന്മിക്ക മിക്കവാറും നോട്ടീസ് കൊ ടുക്കാതെയാണ് ലേലം നടന്നവരുന്നത്. എന്നാൽ നോട്ടീസ് നടത്തിഎന്നുള്ള രേഖ ഉണ്ടാക്കുന്നുണ്ട്. കോട്ടയം താലൂക്കിൽ താ മസിക്കുന്നജന്മിക്ക തോവാളതാലൂക്കിൽ വസ്തുക്കൾഉണ്ട് എന്നിരുന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

ജന്മിഅറിയാതെതന്നെ നടപടികൾഎല്ലാം നടത്തി വസ്തുവിനെ ലേലത്തിൽവില്പിക്കാൻ സാധിക്കുന്നതാണ്. ഒരുരൂപാ ജന്മിക്കരവും അഞ്ചുരൂപാ ഗവണ്മെൻറുകരവും ഉണ്ട് എന്നുവിചാരിക്കുക : ഈ രൂപായ്ക്കാണ് ആവസ്തു ലേലത്തിൽപോകുന്നത്. ക്രട്ടതൽത്തുകക്കു ലേലംവിളിക്കാൻ ആരുംഇല്ലാതെവരുന്നപക്ഷം ജന്മിക്കു ജന്മിക്കരം ഒരിക്കലുംഇടാകാത്തനിലയിൽ ആയിത്തീരുന്നു. കടിയാന് അതുകൊണ്ടു സങ്കടമോ നഷ്ടമോ ഒന്നുംതന്നെഇല്ല. കരംകൊടുക്കേണ്ടയാൾ അതു കൊടുക്കാതിരുന്നതുകൊണ്ടാണു വസ്തുലേലത്തിൽ വന്നത്. കുറഞ്ഞതുകക്ക് അന്യൻവസ്തുകൊണ്ടുപോകുന്നു. ജന്മിക്കു വസ്തുവില്ല. ജന്മിക്കരത്തെക്കാൾ ക്രടിയതുകക്ക് അന്യൻലേലത്തിൽ പിടിച്ചുഎങ്കിലും തരക്കേടില്ലായിരുന്നു. അതിനാൽ കുറഞ്ഞ തുകക്ക് അന്യൻ വസ്തുകൊണ്ടുപോകാതിരിക്കുന്നതിനു ജന്മിയുടെപേക്ക് ലേലം സ്ഥിരപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ജന്മിഉണ്ടെങ്കിലും ഇല്ലെങ്കിലും ജന്മിയുടെപേക്ക് സ്ഥിരപ്പെടുത്തണമെന്നാണോ പറയുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതെ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): തന്റെപേക്ക് സ്ഥിരപ്പെടുത്തുന്നതെന്തു ജന്മി എഴുതിഅയച്ചാലും ജന്മിയുടെപേക്ക് സ്ഥിരപ്പെടുത്തണമെന്നാണൊ അഭിപ്രായം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മി അങ്ങനെഎഴുതിഅയക്കുകയില്ല. ചട്ടത്തിൽ അങ്ങനെ നിർബന്ധമാക്കണം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ജന്മിക്കരത്തെക്കാൾ കുറഞ്ഞ തുകയ്ക്കു വസ്തു പോകരുതെന്നാണോ മെമ്പർആഗ്രഹിക്കുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിനെ ഉദ്ദേശിച്ചിട്ടില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അങ്ങനെ പോകുകയാണെങ്കിൽ ജന്മിക്കു കിട്ടണമെന്നാണോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmiess*): അതെ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): എന്നാൽ അങ്ങനെ പറഞ്ഞാൽപോരെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കു കിട്ടാൻ പാടുള്ളു എന്നില്ല. വസ്തു ലേലംചെയ്യുമ്പോൾ കരത്തിനു മേലുള്ള തുകയ്ക്കു നോട്ടീസ് കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : കരത്തിനു ഹേളുവായതുകം എന്നുവച്ചാൽ ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : സംഖ്യകിട്ടേണ്ട ആളെ ഇന്നസമയത്തു വസ്തു ലേലംചെയ്യുന്നുഎന്നു തെയ്യപ്പെടുത്തണം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഇതു ജന്മിയുടെ ആവശ്യമനുസരിച്ചാണൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അതെ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : നോട്ടീസ് അയക്കുന്നതിനുള്ള ചിലവ് ആരുസഹിക്കും?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : കരംകൊടുക്കാതിരിക്കുന്നതുകം അതിന്റെ ചിലവുസഹിക്കണം.

MR. S. CHATTANATHA KARAYALAR (*Shenkotta*): ലേലത്തിൽ എല്ലാപേക്കും ചേരാമെല്ലൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ചേരാം.

MR. S. CHATTANATHA KARAYALAR (*Shenkotta*): ജന്മിക്കരത്തോളം വരുന്നസംഖ്യക്കു മാത്രമേ ആവസ്തുവിനു വിലയുള്ളുഎങ്കിൽ എന്തു ചെയ്യണം ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിൽ കൂടുതലുണ്ടെങ്കിൽ എന്തുചെയ്യും? അസൻറുമെൻറ് അങ്ങിനെയാണു്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): വസ്തുവിനെ ലേലം ചെയ്യുമ്പോൾ ജന്മിക്കരം എത്രയുണ്ടൊ അതിനെ ആദ്യസംഖ്യയായി വിളികേൾക്കാൻ സമ്മതമുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങനെഅല്ല. ജന്മിക്കരം നൂറുരൂപാഉണ്ടെങ്കിൽ പത്തുരൂപാക്കാണു ലേലത്തിൽ പോകുന്നതു്. അങ്ങനെവരുമ്പോൾ ജന്മിക്കുസ്ഥിരപ്പെടുത്തണമെന്നേയുള്ളു.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ജന്മിക്കരത്തിന്റെതുകവരെ അന്യനു കിട്ടാൻപാടില്ലഎന്നാണൊ വിചാരിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതെ.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*): ലേലക്കാരൻ അന്യായമായി ജന്മിക്കരം ആണ്ടുതോറും ഈടാക്കിക്കൂടെ?

MR. C. N. TUPPAN NAMPUIRTIPAD (*Jenmies*) : അടുത്തകൊല്ലത്തെ ജന്മിക്കരത്തിനുവേണ്ടി അടുത്തകൊല്ലം ഈവസ്തുപിടിക്കുന്നതുകം ൫൦൦ രൂപാഉത്തരവാദം ചെയ്യേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJUKRISHNA PILLAI (*Quilon*): കുറഞ്ഞ തുകക്കു ജന്മിക്കു ലേലത്തിൽ പിടിക്കാമെന്നു് ഒരു നിയമംഉണ്ടാക്കിവച്ചാൽ ലേലംപിടിക്കാൻ ആരെങ്കിലും വരുമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആരും വരാതിരിക്കുമെന്നു വിചാരിക്കുന്നില്ല. ജന്മിക്കരവും സർക്കാർകരവും നീക്കി ബാക്കി സംഖ്യക്കു ലേലത്തിൽപിടിക്കാൻ സമ്മതമുള്ളവർ വരും.

MR. K. KUNJUKRISHNA PILLAI (*Quilon*): കുടിയാൽതുകക്കു ലേലം സ്ഥിരപ്പെടുത്താനുള്ള സൌകര്യം ഉണ്ടെങ്കിലല്ലെ ലേലംകൂട്ടാൻ ആരും വരികയുള്ളൂ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതെ. എന്നാൽ കുറഞ്ഞതുകക്കു് അന്യൻ വസ്തുകൊണ്ടുപോകും. അങ്ങനെ വരാതിരിക്കാനാണു് ഈവിധത്തിൽ സ്ഥിരപ്പെടുത്തിക്കൊടുക്കണമെന്നു പറയുന്നതു്.

MR. K. KUNJUKRISHNA PILLAI (*Quilon*): അങ്ങനെ ഒരുനിയമം പാസാക്കിയാൽ കുടിശ്ശിക താഴ്ന്നതുകയ്ക്കല്ലെ ആളുകൾ ലേലം പിടിക്കുകയുള്ളൂ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടുതലായിട്ടുള്ള തുകക്കു ലേലംവിളികേൾക്കുകയില്ല എന്നു ഞാൻവിചാരിക്കുന്നില്ല. പിടിക്കാൻതയ്യാറുള്ളവർ നിശ്ചയമായും വരും.

MR. K. KUNJUKRISHNA PILLAI (*Quilon*): ആവശ്യമുള്ളതുകയെക്കാൾ വളരെകുറവായവിലയെ ആ വസ്തുവിനു കിട്ടുകയുള്ളുഎങ്കിൽ വസ്തു ആരു ലേലത്തിൽ പിടിക്കും?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വസ്തുവിനു പ്രിയമുണ്ടെങ്കിൽ ആരും ലേലത്തിൽ പിടിക്കാൻവരും.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*): ലേലം വിളിക്കുന്ന തീയതിയല്ലെ ലേലം സ്ഥിരപ്പെടുത്തേണ്ടതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സർക്കാരിൽനിന്നും ഇപ്പോൾ ലേലം നടത്തിവരുന്നമാതിരി ലേലം സ്ഥിരപ്പെടുത്തിയാൽ മതി.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*): ലേലം വിളികേൾക്കുന്നദിവസം എന്തെങ്കിലും സംഖ്യ കെട്ടിവയ്ക്കേണ്ടതായിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഉണ്ടു്.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*): ലേലം പിടിക്കുന്ന ആളിനു് അതു വിഷമമായി വരികയില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*) : കരക്കുടിശ്ശിക്ക ലേലം ചെയ്യുന്നതു വസ്തുക്കളായിട്ടാണെന്നറിയാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങനെയുള്ള ലേലം കൂടുതൽ തുകക്കു വിളികേൾക്കുന്ന ആളിന്റെ പേരിൽ സ്ഥിരപ്പെടുത്തി കൊടുക്കണമെന്നു നിബന്ധനയുള്ളതായി അറിയാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം.

MR. S. KRISHNA PILLAI (*Karunagapalli*) : ഈ റഗുലേഷൻ അനുസരിച്ചു ലേലംനടത്തണമെന്നു ർ ർ എഫ് പാസാക്കിയശേഷം അങ്ങനെ പാടില്ല, പബ്ലിക്കു ആക്ഷൻ പാടില്ല, വേറെനടത്തണമെന്നു പറയുന്നതുശരിയാണൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗവണ്മെന്റ് കരത്തിന് ലേലംചെയ്യുന്നതനുസരിച്ച് ഇതും ലേലംചെയ്യണമെന്നെയുള്ളു.

MR. S. KRISHNA PILLAI (*Karunagapalli*) : അങ്ങനെ ചെയ്യുന്നതു മൂന്നാംവകുപ്പിൽ രണ്ടിൽ മൂന്നാംപിരിവിൻപ്രകാരം പബ്ലിക്ക് ആക്ഷൻഅനുസരിച്ച് ആയിരിക്കണമെന്നുണ്ട്. അതു കൂടുതൽതുകക്കു ലേലംവിളികേൾക്കുന്ന ആളിന്റെ പേക്കു സ്ഥിരപ്പെടുത്തികൊടുക്കണമെന്നാണ്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കൂടുതൽ തുകക്കു വിളിച്ചാൽ അയാളിന്റെ പേക്കു സ്ഥിരപ്പെടുത്താൻ പാടില്ല എന്നല്ല ഭേദഗതിയിരിക്കുന്നതു്. കൂടുതൽ തുകക്ക് ആക്കം ലേലത്തിൽ വിളികേൾക്കാം. അതിനെ ഞാൻതടഞ്ഞില്ല. കൂടുതൽ തുകക്ക് ആരും വിളികേൾക്കാൻ ഇല്ലാതിരുന്നാൽ—ജന്മിക്കരത്തിനു മേൽവരുന്ന ഒരുതുകക്കു ലേലംവിളികേൾക്കാൻ ആളില്ലെങ്കിൽ—ജന്മിയുടെപേക്കു സ്ഥിരപ്പെടുത്തണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

MR. A. NARAYANA PILLAI (*Vaikam*): ജന്മിക്കരത്തിനു മേൽവരുന്ന ഒരു തുകക്കു ലേലംവിളികേൾക്കാതെ കുറഞ്ഞതുകക്കു വിളികേൾക്കുന്നുണ്ടെങ്കിൽ ആ ലേലം വിളികേട്ടആളിനു സ്ഥിരപ്പെടുത്തി കൊടുക്കേണ്ട എന്നാണോ മെമ്പറിന്റെ അഭിപ്രായം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതെ, ജന്മിക്കരത്തിൽ കൂടുതലുണ്ടെങ്കിലെ അന്യനു സ്ഥിരപ്പെടുത്തികൊടുക്കാൻ പാടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ജന്മിക്കരത്തിൽ കുറഞ്ഞൊരു സംഖ്യക്ക് അന്യൻ ലേലംവിളികേൾക്കുകയാണെങ്കിൽ അതിൽക്കൂടിയ ഒരു സംഖ്യക്കു ജന്മിയുടെപേക്കു സ്ഥിരപ്പെടുത്തിക്കൊടുത്താൽ അതിനെ സ്വീകരിക്കുവാൻ തയ്യാറാണോ? അതല്ല പരസ്യമായി ലേലത്തിൽപിടിച്ച ആളിനു സ്ഥിരപ്പെടുത്തികൊടുക്കുവാൻ പാടില്ലഎന്നാണോ പറയുന്നതു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കൂടുതൽ തുകക്കു ജന്മിയുടെമേൽ സ്ഥിരപ്പെടുത്തേണ്ട. നൂറുരൂപയാണു കിട്ടേണ്ടസംഖ്യ എങ്കിൽ അതുവരെയുള്ളതുകക്കു സ്ഥിരപ്പെടുത്തി കൊടുക്കുന്നതുകൊണ്ടുവിരോധമില്ല.

MR. A. NARAYANA PILLAI (*Vaikam*): എത്ര രൂപായാണെന്നാണു സ്ഥിരപ്പെടുത്തേണ്ടതു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ലേലം വിളിക്കുന്ന സംഖ്യയുടെ ക്രമമനുസരിച്ചു സ്ഥിരപ്പെടുത്തിയാൽ മതി.

MR. A. NARAYANA PILLAI (*Vaikam*): ജന്മിക്കരത്തിൽ താഴ്ന്ന ഒരുസംഖ്യക്കു ജന്മിയില്ലാതെ ജന്മിയുടെപേക്കു സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതിനുള്ള അധികാരം ആർക്കാണു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): റവന്യൂ ഉദ്യോഗസ്ഥന്മാർക്കുതന്നെ. പത്തുരൂപായ്ക്കാണു് അന്യൻ ലേലം വിളിക്കുന്നുഎങ്കിൽ ജന്മിയുടെപേക്കു പത്തുരൂപാ ഒരുചക്രം എന്നു ലേലത്തുക കൂട്ടിസ്ഥിരപ്പെടുത്തേണ്ടതാണു്.

MR. A. NARAYANA PILLAI (*Vaikam*): ഇതിൽ ജന്മിക്കു് അഭിപ്രായവ്യത്യാസം ഉണ്ടാകുകയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങനെ അഭിപ്രായവ്യത്യാസം വരാൻഇടയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ജന്മിക്കു് അതുകൊണ്ടുള്ള രക്ഷഎന്താണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതുകൊണ്ടു കൂടിയാൻ ദോഷവുമില്ല.

MR KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ അമൻറുമെൻറിൻെറ സാരം ജന്മിക്കരത്തിൻെറ മുതലോളമുള്ള സംഖ്യക്കു സ്ഥിരപ്പെടുത്തിക്കൊടുക്കണമെന്നാണു്. നൂറുരൂപാ കടിശ്ശിക ഉണ്ടെങ്കിൽ ൪൦ രൂപാക്കു ലേലംവിളികേട്ടു എന്നിരിക്കട്ടെ, ബാക്കി ൪൦ രൂപാ എങ്ങിനെ ഈടാക്കണമെന്നാണു് പറയുന്നതു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ബാക്കിസംഖ്യ മറ്റു വസ്തുക്കളിൽ നിന്നും ഈടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ജന്മിയുടെപേക്ക് സ്ഥിരപ്പെട്ടുത്തുമ്പോൾ ജന്മി വീട്ടിലിരിക്കുകയാണെങ്കിൽ സക്കാർകരം എങ്ങിനെകിട്ടും?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സക്കാർകരംനീക്കിയാണ് എന്റെ അമൻറുമെൻറ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ജന്മിക്കു നോട്ടീസുകൊടുത്താലും നോട്ടീസ് നടത്തിയിട്ടില്ലെന്നു ജന്മിതക്കിക്കുകയാണെങ്കിൽ ആ ലേലം അസാധുവാണൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അല്ല. ലേലംസ്ഥിരപ്പെട്ടുത്തിക്കൊടുക്കാവുന്നതാണ്.

MR. N. RAMAN NAMPUTIRIPAD (*Co-opted*): ഞാൻ ഈഭേദഗതിയെ പിൻതാങ്ങുന്നു. ജന്മിക്കരത്തിന്റെ ബാധ്യത ജന്മവസ്തുവിൽമാത്രമാക്കിയുള്ള വ്യവസ്ഥ ഇവിടെ പാസാക്കിക്കഴിഞ്ഞു. ജന്മവസ്തുക്കളിൽനിന്നു ജന്മിക്കരം പിരിഞ്ഞില്ലെങ്കിൽ ആ വസ്തു ജന്മിക്കു കിട്ടണമെന്നുള്ളൊരു തത്വമാണ് ഈഭേദഗതിയിൽ അടങ്ങിയിരിക്കുന്നത്. ഈ ഭേദഗതി അയച്ചിരുന്നതിനെ സ്വല്പം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.

